Monthly Price Rs. 4/-

# ബൈബിൾ
# ട്രൂത്ത്



രക്ഷ

# ദൈവത്തിന്റെ രക്ഷാ ബന്ധം

ഇതിൽ ഏതാണ് ആവശ്യമില്ലാത്തത്?

| | | |
|---|---|---|
| നമ്മുടെ രക്ഷിതാവ് ദൈവം | – | 1 തിമൊഥെയൊസ് 4:10; യെശയ്യാവ് 12:2; റോമർ 6:23 |
| ക്രിസ്തു യേശു രക്ഷിക്കുന്നു | – | മത്തായി 1:21; എബ്രായർ 5:8–9; തിത്തൊസ് 2:11; റോമർ 3:24 |
| പരിശുദ്ധാത്മാവു നമ്മെ രക്ഷിക്കുന്നു | – | 1 കൊരിന്ത്യർ 6:11; യോഹന്നാൻ 14:26; 16:7–13 |
| ക്രിസ്തുവിന്റെ രക്തം മുഖാന്തരം രക്ഷിക്കുന്നു | – | റോമർ 5:8,9; എബ്രായർ 9:22; എഫെസ്യർ 1:7 |
| അവന്റെ നാമത്തിലാണ് രക്ഷ | – | പ്രവൃത്തികൾ 4:12; 10:43; യോഹന്നാൻ 20:30–31 |
| സുവിശേഷത്താൽ രക്ഷിക്കുന്നു | – | 1 കൊരിന്ത്യർ 15:1–4; റോമർ 1:16; യാക്കോബ് 1:21 |
| വിശ്വാസത്താൽ രക്ഷ വരുന്നു | – | എബ്രായർ 11:6; റോമർ 3:16; പ്രവൃത്തികൾ 16:31 |
| മാനസ്സാന്തരത്തിലൂടെ രക്ഷ | – | ലൂക്കൊസ് 13:3; പ്രവൃത്തികൾ 2:38; 11:18 |
| രക്ഷ സ്നാനം മുഖാന്തരം ലഭിക്കുന്നു | – | 1 പത്രൊസ് 3:21; മർക്കൊസ് 16:16; പ്രവൃത്തികൾ 2:38 |

നഷ്ടപ്പെട്ട ആത്മാവ്

**ഇതിനേക്കാൾ ശക്തമായ മറ്റൊരു ബന്ധം രക്ഷക്കില്ല.**

# THE BIBLE TRUTH

**Editors**

**P.K. VARGHESE** **J.C. CHOATE**

000 000 000

**Published by Church of Christ**

**പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം**

**Vol. 20** **July 2007** **No.4**


## എഡിറ്റോറിയൽ

പുരാവസ്തു ഗവേഷകന്മാർ പല ഗവേഷണങ്ങളും നടത്തി വിജ്ഞാന പ്രദവും ചരിത്രപരവുമായ പല യാഥാർത്ഥ്യങ്ങൾ പുറത്തു കൊണ്ടു വന്നിട്ടുണ്ട്. അതിന്റെ കാല നിർണ്ണയം അവരുടെ ചിന്തക്കതീതമാകാം. പക്ഷെ സംഭവങ്ങളുടെ നിജ സ്ഥിതി വെളിപ്പെടുത്തുന്നവയാണ് കണ്ടെടുത്ത വസ്തുതകൾ. ബൈബിളിൽ വിവരിച്ചിരിക്കുന്ന വസ്തുതകൾ വളരെക്കാലം മുൻപു നടന്നതും എഴുതിയതുമായതുകൊണ്ട് ചില ആളുകളിൽ സംശയം കടന്നു വരുന്നതിൽ അതിശയിക്കുവാനില്ല. എന്നാൽ ബൈബിൾ എഴുത്തുകാരെല്ലാം ദൈവാത്മനിയോഗത്തിൽ എഴുതപ്പെട്ടതുകൊണ്ട് അതിലെ സ്ഥിതി വിവര രേഖകൾ വിശ്വസനീയമാണ്. പക്ഷെ സംശയാലുക്കൾക്ക് വിശ്വസനീയമായ പുറമെ നിന്നുള്ള രേഖകൾ പരിശോധിക്കുവാൻ ദൈവം അവസരം കൊടുക്കുന്നുണ്ട്. പഴയ നിയമ കാലയളവിലെ സംഭവങ്ങൾ യെഹൂദന്മാരുമായി എന്നാൽ പുതിയ നിയമ സംഭവങ്ങൾ എല്ലാ വിഭാഗം ജനങ്ങളെയും ഉൾപ്പെടുത്തികൊണ്ടുള്ളതാണ്. ആ സംഭവങ്ങൾ നടന്ന കാലത്തെ ചരിത്രകാരന്മാരുടെ ഗ്രന്ഥങ്ങൾ പരിശോധനക്കു വിധേയമാക്കാവുന്നതാണ്. പിന്നെ നമുക്കു പുറമെ നിന്നു കിട്ടുന്ന തെളിവുകളാണ് ഗവേഷണ ഫലമായി കിട്ടുന്നതു. ചില വസ്തുക്കൾ നശിക്കാതെ ഭൂമിക്കടിയിൽ കിടക്കുന്നതു മനുഷ്യരുടെ ബുദ്ധിയെ തുറക്കുന്നതാണ്. അവിശ്വാസികൾക്കു വിശ്വാസം ജനിപ്പിക്കുന്നതാണ് അവ.

ബൈബിളിൽ പ്രതിപാദിച്ചിരിക്കുന്ന ചില സംഭവങ്ങൾ

മാത്രം നമുക്കു നോക്കാം. നോഹയുടെ കാലത്തു ദൈവ കല്പന പ്രകാരം നോഹയുടേയും കുടുംബത്തിന്റേയും രക്ഷക്കു ഒരു പെട്ടകം ഉണ്ടാക്കി. പെട്ടകം എന്തുകൊണ്ട് പണിയണം, എങ്ങനെ പണിയണം, അതിന്റെ വിസ്തൃതി, അതിൽ പ്രവേശിപ്പിക്കേണ്ട മൃഗങ്ങൾ, പക്ഷികൾ എന്നിവയെക്കുറിച്ചെല്ലാം നോഹയോടു വിവരിച്ചു പറഞ്ഞിരുന്നു. ആളുകൾ അതിനെ സംശയിക്കുന്നത്, ആ പെട്ടകത്തിൽ ഈ പറയുന്ന എല്ലാം എങ്ങനെ കൊള്ളും എന്നാണ്. അതുകൊണ്ട് പെട്ടകത്തെയും ജലപ്രളയത്തെയും അവർ നിഷേധിക്കുന്നു. എന്നാൽ ചരിത്രഗവേഷകന്മാർ അടുത്ത കാലത്തു കണ്ടെടുത്ത അവശിഷ്ടങ്ങൾ നോഹയുടെ കാലത്തു പണിത പെട്ടകത്തിന്റെ അളവിലുള്ളതാണ്. ബൈബിളിൽ പറയുന്നതു ജലപ്രളയ ശേഷം ലോകത്തിനു എടുത്തു കാണിച്ചു. അതു സത്യാന്വേഷികൾക്കു പ്രയോജനം ചെയ്യും. അതുകൊണ്ട് ചരിത്ര സംഭവമായ ജലപ്രളയം സംഭവിച്ചതു തന്നെയാണ് അവിശ്വസിക്കേണ്ട കാര്യമില്ല. അതുപോലെ മിസ്രയിമിൽ നിന്നു കണ്ടെടുത്ത ധാന്യസംഭരണികൾ അവിടെ ക്ഷാമം ഉണ്ടായിരുന്നു എന്നു. ആളുകൾ ക്ഷാമത്തെ അതിജീവിക്കുവാൻ ഇത്തരം സംഭവരണികളിൽ ധാന്യം കരുതി വെക്കുമായിരുന്നു എന്നതും നടന്ന സംഭവമെന്നു തെളിയുന്നു. ചാവുകടലിൽ നിന്നു കണ്ടെടുത്ത ചുരുളുകൾ, ബൈബിളിന്റെ കയ്യെഴുത്തു പ്രതികൾ ആയിരുന്നു.

ഓരോ കാലഘട്ടത്തിലും ജീവിച്ചിരുന്ന പ്രധാനപ്പെട്ട ആളുകൾ മരണമടഞ്ഞു പോയി. പക്ഷെ അവരുടെ കല്ലറകൾ ഭൂഗർഭ ഗവേഷകന്മാർ കണ്ടെടുത്തിട്ടുണ്ട്. പീലാത്തോസിന്റെ പേരെഴുതിയ കല്ലു നേരത്തെ കണ്ടെടുത്തിട്ടുണ്ട്. ഈ അടുത്ത സമയത്തു ഹെരോദാവിന്റെ കല്ലറ കണ്ടെടുത്തതായി പേപ്പറിൽ വായിക്കയുണ്ടായി. ഈ ഭൂഗർഭ ഗവേഷകന്മാർ കണ്ടെടുത്ത വസ്തുതകൾ ബൈബിളുമായി താരതമ്യം ചെയ്തിട്ടാണ് അവർ ഈ തെളിവുകൾ പ്രഖ്യാപിക്കുന്നത്. അതുകൊണ്ട് ആർക്കും നിഷേധിക്കുവാൻ കഴിയുന്നില്ല. കൂടാതെ ബൈബിളിൽ പറയുന്ന അളവു പാത്രങ്ങളും നാണയങ്ങളും കണ്ടെടുത്തിട്ടുണ്ട്. സത്യത്തെ മൂടി വെക്കുന്ന മനുഷ്യരുടെ ഉദ്ദേശം നടക്കുകയില്ല

എന്നോർക്കണം. സത്യം ജനങ്ങൾ അറിയാതെ ഇരിക്കണം എന്നാഗ്രഹിക്കുന്നവരെ ബാധിക്കുന്നതു ഒരു ദൈവ കോപമായിരിക്കും. തിരുവെഴുത്തിന്റെ മർമ്മം വലിയതു തന്നെ. എല്ലാ ജനങ്ങളും ദൈവത്തിന്റെ തിരുവെഴുത്ത് വെളിപ്പെടുത്തിയിരിക്കുന്നതു സ്വീകരിക്കണം. സംശയ വഴി പാപവഴിയാണ്. പാപവഴി ദൈവം വെറുക്കുകയും ചെയ്യും. മുൻപു കണ്ടെടുത്ത സത്യങ്ങളും ഇനി കണ്ടെത്തുവാനിരിക്കുന്ന സത്യവും ബൈബിളിലുള്ളത് വിശ്വസിക്കണം. പുതിയ നിയമ കാലയളവിൽ അപ്പൊസ്തലന്മാർ ദൃക്സാക്ഷികളായിരുന്നു. അക്കാലത്തു നടന്ന സംഭവങ്ങൾ അപ്പൊസ്തലന്മാർ എഴുതി നമുക്ക് വെളിപ്പെടുത്തിയിരിക്കയാണ്. ഒന്നാം നൂറ്റാണ്ടിൽ അപ്പൊസ്തലന്മാരുടെ പ്രവൃത്തികളെ നിഷേധിച്ചില്ല. എ.ഡി എഴുപതിൽ യേശു പ്രവചിച്ച യെരുശലേമിന്റെയും ദൈവാലയത്തിന്റെയും നാശം സംഭവിച്ചു. ഇതൊന്നും അക്കാലത്ത് ആളുകൾ എതിർത്തില്ല. കാരണം അന്നത്തെ അവിടെയുണ്ടായിരുന്ന ജനത്തിനു അതു സത്യമാണെന്ന് അറിയാമായിരുന്നു.

ഈ ഗവേഷണഫലം എന്താണ് തെളിയിക്കുന്നത്? ബൈബിൾ സത്യമാണെന്നു തെളിയുന്നു. അതു തന്നെയാണ് യേശു പറഞ്ഞതു, "സത്യം നിങ്ങൾ അറിയും; സത്യം നിങ്ങളെ സ്വതന്ത്രരാക്കും (യോഹന്നാൻ 8:32). ദൈവ വചനമാണ് സത്യം അതാണ് ബൈബിൾ. ഒരിക്കൽ വചനം വിശ്വസിച്ചാൽ അതിന്റെ ഫലം നാം അനുഭവിക്കും. അതിനാൽ സകല മനുഷ്യരും എന്താണ് ചെയ്യേണ്ടത്? തിരുവചനം വായിക്കുക, കേൾക്കുക, അതു അങ്ങനെ തന്നെ വിശ്വസിക്കുക. പാപങ്ങളിൽ നിന്നു പിന്തിരിയണം. ദൈവ പുത്രനിലുള്ള വിശ്വാസം ഏറ്റു സ്നാനം ഏല്ക്കുകയും വേണം. അപ്പോൾ കർത്താവു ആ വ്യക്തിയെ രക്ഷിച്ചു അവന്റെ സഭയോടു ചേർക്കും, അതിനു ശേഷം ദൈവത്തോടു വിശ്വസ്തമായി ജീവിച്ചു ദൈവത്തെ സേവിക്കണം. മരണപര്യന്തം വിശ്വസ്തത പാലിച്ചാൽ നിത്യത ലഭിക്കും.

★

# ആരാധനയിൽ നിന്നു നാം എന്തെടുക്കുന്നു?

## J.C.ചോട്ട്

സത്യ നമസ്ക്കാരികൾ ദൈവത്തെ സത്യത്തിലും ആത്മാവിലും ആരാധിക്കണമെന്നു ദൈവം ആഗ്രഹിക്കുന്നതായി ക്രിസ്തു പഠിപ്പിക്കയുണ്ടായി (യോഹന്നാൻ 4:24). കാരണം ദൈവം ആത്മാവാകുന്നു. പുതിയ നിയമത്തിൽ ദൈവം കല്പിച്ചിട്ടുള്ള ആരാധനാരീതിയെയാണ് ഇതു വ്യക്തമാക്കുന്നത്. രക്ഷിക്കപ്പെട്ട തന്റെ ജനം കർത്താവിന്റെ സഭയിലുള്ള അംഗങ്ങൾ ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാൾ കൂടിവരികയും ദൈവത്തെ ആരാധിക്കയും വേണമെന്നാണ് ദൈവം ഇച്ഛിക്കുന്നത്. പ്രാരംഭ ക്രിസ്ത്യാനികൾ ഇപ്രകാരം ചെയ്തു വന്ന മാതൃക പുതിയ നിയമത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട് (പ്രവൃത്തി 2:42; 20:7). അവർ കൂടി വന്നു പ്രാർത്ഥിക്കയും പാട്ടുപാടുകയും, പ്രസംഗം കേൾക്കയും, അപ്പം നുറുക്കുകയും, കൂട്ടായ്മ ആചരിക്കയും ധർമ്മശേഖരം നടത്തുകയും ചെയ്തു. മറ്റുള്ള വാക്യങ്ങളും ഇതിനോടു യോജിക്കുന്നവയായിട്ടുണ്ട് (എഫെസ്യർ 5:19; 2 തിമൊഥെയൊസ് 2:15; 1 കൊരിന്ത്യർ 16:2).

ആകയാൽ ആരാണ് ആരാധിക്കേണ്ടത്? ആരെയാണ് ആരാധിക്കേണ്ടത്? ഏതു ദിവസമാണ്, എങ്ങനെയാണ് ആരാധിക്കേണ്ടത് എന്നെല്ലാം തിരുവെഴുത്തിൽ വളരെ വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. ആരുടെ അധികാരത്തിലാണ് അതു ചെയ്യേണ്ടത് എന്നു പ്രസ്താവിച്ചിട്ടുണ്ട്. രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ എവിടെ കൂടി വന്നാലും അവരുടെ മദ്ധ്യേ ഞാൻ ഉണ്ടാകും എന്നു കർത്താവു അരുളിച്ചെയ്തിട്ടുണ്ട് (മത്തായി 18:20). പഴയ നിയമത്തിൽ നിന്നും വ്യത്യസ്തമായ ആരാധന രീതിയാണ് ക്രിസ്തു നമുക്ക് നല്കിയിരിക്കുന്നത്. തികവുള്ള ഒരു യാഗം കഴിച്ചു സ്വർഗ്ഗത്തിൽ പ്രവേശിക്കയും പുതിയ നിയമത്തിന്റെ ആജ്ഞ ഈ കാര്യത്തിലും നാം ലാഘവത്തോടെ കാണരുത്. കാരണം സ്വർഗ്ഗത്തിലും ഭൂമിയിലും സർവ്വാധികാരവും യേശുക്രിസ്തുവിനാണുള്ളത്.

ക്രിസ്ത്യാനികൾ ദൈവത്തെ ആരാധിക്കുവാൻ

കൂടിവരണമെന്നു പറയുമ്പോൾ അതു ഒരു ചടങ്ങായി തീരരുത്. ശരിയായ മനോഭാവത്തിലായിരിക്കണം ആരാധന നടത്തുന്ന വ്യക്തി. ആ വ്യക്തിയിൽ സത്യം ഉണ്ടായിരിക്കണം. ഹൃദയം വിശുദ്ധമായിരിക്കണം. ദുഷ്ചിന്ത ഉള്ളിൽ പാടില്ല കോപമോ വിദ്വേഷമോ അസൂയയോ പ്രതികാരമോ ഇങ്ങനെ യാതൊരു നിഷേധ സ്വഭാവവുമില്ലാതെ വേണം ദൈവ സന്നിധിയിൽ എത്തുവാൻ. എളിമയോടെ വേണം ആരാധിക്കുവാൻ. ഞാൻ മറ്റുള്ളവരേക്കാൾ ഉയർന്നവൻ എന്ന തോന്നൽ പാടില്ല. ദൈവത്തെയും ക്രിസ്തുവിൽ ഉള്ള സഹോദരി സഹോദരന്മാരെയും ബഹുമാനിക്കത്തക്ക ഹൃദയം ഉണ്ടാകണം. ക്ഷമാ ശീലത്തോടുകൂടെ വേണം ദൈവത്തെ ആരാധിക്കുവാൻ. കർത്താവു നമ്മോടു ക്ഷമിച്ചതുപോലെ നാമും അന്യോന്യം ക്ഷമിക്കണം. ആരാധനക്കാരന്റെ ഹൃദയത്തിൽ സന്തോഷമാണ് ഉണ്ടാകേണ്ടത്. ശാഠ്യത്താലോ ദുരഭിമാനത്താലോ നാം ഒന്നും ചെയ്യരുത്. ആ സമയത്ത് ഒരാൾ പറയുന്നതും ചെയ്യുന്നതും ചിന്തിക്കുന്നതും ദൈവത്തെ പ്രസാദിപ്പിക്കുന്ന വിധമായിരിക്കണം. എങ്കിൽ മാത്രമെ അതുകൊണ്ടു പ്രയോജനം ലഭിക്കയുള്ളു.

ആരാധനയിൽ നാം ദൈവത്തിനു പുകഴ്ച്ച, സ്തുതി എന്ന ദാനം നല്കുന്നു. അതു ദൈവ സന്നിധിയിൽ സ്വീകാര്യമായി തീരുമ്പോൾ ദൈവം നമുക്കു പ്രത്യേകമായ അനുഗ്രഹങ്ങൾ നല്കുന്നു. ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിൽ നാം ശരിയായ രീതിയിൽ അതായതു വചനപ്രകാരം നാം ദൈവത്തെ ആരാധിച്ച് അവനെ പ്രസാദിപ്പിച്ചു മടങ്ങി പോകുമ്പോൾ നമ്മൾ പലതും കൊണ്ടു പോകുന്നു. അവയിൽ മുഖ്യമായവ എന്തെല്ലാമെന്ന് പരിശോധിക്കാം. ഒരു പക്ഷെ നിങ്ങൾ അതിനെ കുറിച്ച് അധികമൊന്നും ചിന്തിച്ചിരിക്കാനിടയില്ല. എന്നാൽ താഴെ പറയുന്നവ നമ്മുടെ അനുഭവത്തിൽ ലഭിക്കുന്നവയാണ്. ഈ അനുഗ്രഹങ്ങൾ ഒരിക്കലും നഷ്ടപ്പെടുത്തി കളയാതിരിക്കുക.

ദൈവത്തോടും സഹസഹോദരങ്ങളോടുമുള്ള കൂട്ടായ്മ നമ്മെ വലുതായി ശക്തിപ്പെടുത്തും. പരസ്പരമുള്ള ആശയവിനിമയം, സ്നേഹപ്രകടനം എന്നിവ നമ്മെ ഉത്തേജിപ്പിക്കും. നമ്മുടെ മനസിനെ, ആത്മാവിനെ അതു ശക്തിപ്പെടുത്തും. നാം

ഒറ്റക്കല്ല; നമ്മോടൊപ്പം തുല്യമായ മറ്റുള്ളവർ ഉണ്ടെന്ന തോന്നൽ നമ്മെ ബലപ്പെടുത്തും. ഐക്യമത്യം മഹാബലം എന്നു പറഞ്ഞു കേട്ടിട്ടില്ലേ അത് വാസ്തവമാണ്. ദൈവത്തോടു കൂടിയുള്ള ഈ ആത്മബന്ധം നമുക്കു കൂടുതൽ ബലം നല്കും. ആരോഗ്യകരമായ ക്രിസ്തീയ ജീവിതം തുടരുന്നതിനു ഇത് സഹായകരമാണ് എന്നതിൽ രണ്ടു പക്ഷമില്ല. പക്ഷെ ഇത് സൂക്ഷിച്ചു കൈകാര്യം ചെയ്തില്ലെങ്കിൽ ദോഷകരമാകും ഫലം എന്നു കൂടെ നാം ഓർക്കണം.

നാം കൂടി വരുമ്പോൾ ദൈവ വചനം പഠിക്കുന്നതുകൊണ്ട് ദൈവീക പരിജ്ഞാനത്തിൽ വളരെ അറിവു നേടിക്കൊണ്ടാണ് ആരാധന കഴിഞ്ഞ് നാം പോകുന്നത്. ദൈവ വചനം നമ്മുടെ ഹൃദയത്തിൽ സംഭരിച്ചു കൊണ്ടാണ് നാം മടങ്ങുന്നത് എന്നർത്ഥം. നാം നമ്മുടെ പിതാവിനോടു പ്രാർത്ഥിക്കുന്നുണ്ട്. കൂട്ടായ പ്രാർത്ഥന ദൈവത്തോടു നമ്മെ കൂടുതൽ അടുപ്പിക്കുന്നു. നാം ദൈവത്തെ പാടി പുകഴ്ത്തിയ സന്തോഷവുമായാണ് വീട്ടിലേക്കു പോകുന്നത്. കർത്തൃമേശയിൽ പങ്കെടുക്കുന്നതിലൂടെ നമുക്കു ലഭിച്ച വലിയ രക്ഷയുടെ മഹത്വം നാം പുതുക്കുന്നു. യേശുക്രിസ്തുവിനു കൊടുക്കേണ്ടിവന്ന വലിയ വില നാം ഓർത്തുകൊണ്ടു നമ്മെ തന്നെ പുതുക്കി കൊണ്ടാണ് നാം പോകുന്നത്. അവസാനമായി ദൈവം നമുക്കു നല്കിയ ഭൗതികമായ നന്മകളിൽ നിന്നും ഒരോഹരി ദൈവത്തിനു കൊടുത്തുകൊണ്ടു അതിന്റെ ഫലം നമുക്കും മറ്റു ആത്മാക്കൾക്കും പ്രയോജനപ്പെടും എന്ന പ്രത്യാശയുമായാണ് നാം തിരിച്ചു പോകുന്നത്. ഇവയൊന്നും ഒരു ക്രിസ്ത്യാനിയെ ഉണർത്തി പ്രബലപ്പെടുത്തുന്നില്ലെങ്കിൽ പിന്നെ മറ്റെന്തിനു കഴിയും? മറ്റൊന്നിനും സാദ്ധ്യമല്ല.

ആരാധന കഴിഞ്ഞു പിരിഞ്ഞു പോകുമ്പോൾ നല്ലൊരു തയ്യാറെടുപ്പോടു കൂടിയാണ് നാം പോകുന്നത്. കർത്താവിനു വേണ്ടി നല്ല മാതൃകയുള്ള ജീവിതം നയിക്കുവാനും നാം ആരോടെല്ലാം ബന്ധപ്പെടുന്നുവോ അവരോടെല്ലാം നല്ല മനോഭാവത്തിൽ ഇടപെടുമെന്നും ദൈവ വചനം അറിഞ്ഞിട്ടില്ലാത്തവരോടു ദൈവത്തിന്റെ രക്ഷാമാർഗ്ഗം അറിയിക്കുവാൻ കിട്ടുന്ന അവസരം പാഴാക്കുകയില്ല എന്നുമുള്ള തീരുമാനത്തോടെയാണ് നാം

പോകുന്നത്. ഇത്തരം ജീവിതം ക്രിസ്ത്യാനിത്വത്തെ അർത്ഥവത്താക്കും; അനുകരിക്കത്തക്കതാക്കും. കർത്താവിൽ വിശ്വസ്തരായ ക്രിസ്ത്യാനികൾ ഫലം പുറപ്പെടുവിക്കുന്നവർ ആയിരിക്കും. താൻ കാരണം ആരും നഷ്ടപ്പെട്ടു പോകരുത് എന്ന വിചാരം ഉണ്ടാകും. അങ്ങനെ ക്രിസ്തു മുഖാന്തരം സകല ആത്മീകാനുഗ്രഹങ്ങളും ദൈവം നമുക്കു തരും (എഫെസ്യർ 1:3).

ആരാധനക്കു പോകുമ്പോൾ നിങ്ങൾ എന്താണ് കൊണ്ടു പോകുന്നത്? ആരാധനക്കു ശേഷം നിങ്ങൾ എന്താണ് എടുത്തുകൊണ്ടു പോകുന്നത്? കൊടുത്താൽ മാത്രമെ നിങ്ങൾക്കു കിട്ടുകയുള്ളു. നിങ്ങളുടെ ഉത്തരം നിഷേധാത്മകമാണെങ്കിൽ ഞങ്ങളുടെ പ്രബോധനം എന്തെന്നാൽ നിങ്ങളുടെ ജീവിതത്തിൽ വേണ്ട മാറ്റം വരുത്തി ക്രിയാത്മക സ്വഭാവത്തിൽ ദൈവത്തെ പ്രസാദിപ്പിക്കുക. നിങ്ങൾ കർത്താവിൽ വിശ്വസിക്കയും സ്നാനം ഏല്ക്കുകയും ചെയ്താൽ രക്ഷിക്കപ്പെടും എന്നു കർത്താവ് അരുളിച്ചെയ്യുന്നു (മർക്കൊസ് 16:16). രക്ഷിക്കപ്പെടുന്നവരെ അവൻ തന്റെ സഭയോടു ചേർക്കുന്നു (പ്രവൃത്തി 2:47). അങ്ങനെ അവർ ദൈവമക്കളായി ദൈവത്തെ സത്യത്തിലും ആത്മാവിലും ആരാധിക്കും (യോഹന്നാൻ 4:23-24). എത്രനിസ്സാരം, എത്രഎളുപ്പം? പ്രതിഫലപ്രദവുമാണ്. നിങ്ങൾ പരിശ്രമിച്ചു നോക്കുക. നിങ്ങളുടെ ജീവിതത്തിൽ അത് യാഥാർത്ഥ്യമാകും സംശയിക്കുകയേ വേണ്ട.

✶

## ദൈവ ജനം

### വാൻഡ് ഹട്ടൻ

പുതിയ നിയമത്തിൽ നാം എബ്രായ ലേഖനം വായിക്കുമ്പോൾ അവിടെ ക്രിസ്ത്യാനികളെ ദൈവ ജനം എന്നു സൂചിപ്പിച്ചിരിക്കുന്നതായി കാണാം (എബ്രായർ 4:9). പരിവർത്തന ശേഷമാണ് ദൈവത്തിന്റെ ജനം എന്ന അവസ്ഥയിലേക്കു മാറ്റപ്പെടുന്നതു എന്നു പത്രൊസ് വിവരിച്ചിരിക്കുന്നു (1 പത്രൊസ് 2:9-10). കർത്താവിന്റെ ആളുകൾ ആയി തീരുക എന്നു പറഞ്ഞാൽ അതൊരു പ്രത്യേകത തന്നെയാണ്. നമ്മെ വിലയ്ക്കു വാങ്ങിയിരിക്ക

കൊണ്ട് നാം അവനുള്ളവർ ആകുന്നു (1 കൊരിന്ത്യർ 6:19-20). പലർക്കും മനസിലാകാത്ത വിഷയമാണ്. വില കൊടുക്കുക എന്നാൽ, നമ്മെ ഒരവസ്ഥയിൽ നിന്നു മറ്റൊരു പരിതസ്ഥിതിയിലേക്കു മാറ്റുവാൻ ക്രിസ്തുവിനു തന്റെ ജീവൻ കൊടുക്കേണ്ടി വന്നു. അവന്റെ ജനമായി തീരുവാൻ കർത്താവ് ആരേയും നിർബ്ബന്ധിക്കുന്നില്ല. എല്ലാവരേയും അവൻ ക്ഷണിക്കും. ആ ക്ഷണം സ്വീകരിക്കുന്നവർ അവന്റെ ജനമായി തീരും. അവന്റെ ജനമായി മാറുന്നതോടെ അനേകം ഉത്തരവാദിത്വങ്ങൾ നമ്മിൽ വന്നു ചേരുന്നുണ്ട്. അവയിൽ നാലെണ്ണം ഇവിടെ പരാമർശിക്കട്ടെ.

★

## 1. ഉദ്ദേശമുള്ള ജനം

ദൈവത്തോടു അടുക്കുന്ന ജനങ്ങൾക്ക് ഈ ലോകത്തിൽ ഒരു മഹത്തായ ഉദ്ദേശമുണ്ട്. മനുഷ്യന്റെ പ്രാഥമിക ജീവിതോദ്ദേശം ഭൗതിക സുഖമോ സമ്പാദ്യമോ അല്ല. അനേക വർഷങ്ങൾക്കു മുമ്പു തന്നെ ശലോമോൻ അത് മനസിലാക്കി. മനുഷ്യ ജീവിതത്തിന്റെ സാരമെന്തെന്നു ചുരുക്കി പറഞ്ഞിരിക്കയാണ്: "ദൈവത്തെ ഭയപ്പെട്ട് അവന്റെ കല്പനകളെ പ്രമാണിക്കുക". ഇതാകുന്നു സകല മനുഷ്യർക്കും വേണ്ടത് (സഭാപ്രസംഗി 12:13). ഇതേ ഉദ്ദേശം തന്നെയാണ് പുതിയ നിയമത്തിലും വ്യക്തമാക്കിയിട്ടുള്ളത്. ഒടുവിൽ സഹോദരന്മാരേ, ദൈവ പ്രസാദം ലഭിപ്പാന്തക്കവണ്ണം നിങ്ങൾ എങ്ങനെ നടക്കേണം എന്നു ഞങ്ങളോടു ഗ്രഹിച്ചതുപോലെ, നിങ്ങൾ നടക്കുന്നതു പോലെ തന്നെ, ഇനിയും അധികം വർദ്ധിച്ചു വരേണ്ടതിന്നു ഞങ്ങൾ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ നിങ്ങളോടു അപേക്ഷിച്ചു പ്രബോധിപ്പിക്കുന്നു (1 തെസലൊനിക്യർ 4:1). നാം ഈ ലോകത്തിൽ പ്രയത്നിക്കുന്നുണ്ട്. ഈ പ്രയത്നങ്ങളും ന്യായ വിസ്താരസമയത്തു വരേണ്ടതാണ് (2 കൊരിന്ത്യർ 5:9-10).

നമ്മുടെ ജീവിതം ഈ ലോക സമ്പാദ്യത്തിൽ അധിഷ്ഠിതമാക്കരുത്. ഒരിക്കലും നശിച്ചു പോകാത്ത സമ്പാദ്യം ആണ് നമുക്കാവശ്യം.

★

# ക്രിസ്ത്യാനികൾ തങ്ങളുടെ ജോലിയിൽ എങ്ങനെ ബഹുമാനിക്കപ്പെടും?

### ഗ്ലെൻ ഗോലെ

പത്രോസും അന്ത്രെയോസും മീൻ പിടിക്കുന്നവർ ആയിരുന്നു. പൗലൊസ് കൂടാരപ്പണിക്കാരനായിരുന്നു. ലുദിയ രക്താംബരം വില്ക്കുന്നവൾ ആയിരുന്നു. ദമെത്രയോസ് തട്ടാൻ ആയിരുന്നു. യേശു ഒരു തച്ചൻ ആയിരുന്നു. ആളുകൾക്ക് എപ്പോഴും ഓരോ ജോലിയുണ്ടായിരുന്നു. ഉപജീവനത്തിനു ഓരോ ജോലി ചെയ്യുന്നതിൽ നിന്നു നീതിമാന്മാരായ ദൈവ ഭക്തരെ അകററി നിർത്തിയിരുന്നില്ല എന്നു നമുക്കറിയാം. അവരുടെ ജീവിതം ശരിയായി നയിച്ചുകൊണ്ടാണ് അവർ അദ്ധ്വാനിച്ചിരുന്നതും.

രാവും പകലും ജോലി ചെയ്തിരുന്ന ക്രിസ്ത്യാനികളോടു കാഠിന്യ പൂർവ്വമാണ് പുറം ലോകം പെരുമാറിയിരുന്നത്. ദൈവത്തിൽ വിശ്വാസമില്ലാത്ത സഹപ്രവർത്തകരോടൊപ്പമാണ് അവർക്കു ജോലി ചെയ്യേണ്ടിവന്നത്. ഒരു സഹോദരനു അടുത്ത സമയത്ത് ഒരു ജോലി കിട്ടി. ജോലി എങ്ങനെയുണ്ട് എന്നു ചോദിച്ചപ്പോൾ പറഞ്ഞത്: ജോലി കുഴപ്പമില്ല, പക്ഷെ കൂടെ പണിയെടുക്കുന്നവരുടെ സംഭാഷണ ശൈലി കേൾക്കാൻ പ്രയാസം. അവർ ഉപയോഗിക്കുന്ന വാക്കുകൾ തികച്ചും ലജ്ജാകരം. മറ്റുള്ളവർക്കെല്ലാം അതു സുപരിചിതമായിതീർന്നു. "ഞാൻ എന്തെങ്കിലും എതിർത്തു സംസാരിച്ചാൽ അവർ എന്നെ പുറത്താക്കും" അദ്ദേഹം പറഞ്ഞു. ചിലപ്പോൾ ക്രിസ്തീയ ആശയങ്ങൾക്കു അന്യരാണ് സഹപ്രവർത്തകർ. യേശുവിന്റെ കാലയളവിലും അങ്ങനെയുള്ള ആളുകൾ ഉണ്ടായിരുന്നു. അതുകൊണ്ടാണ് യേശു, തന്റെ ശിഷ്യന്മാർക്കു വേണ്ടി പ്രാർത്ഥിക്കുന്നതു. "അവരെ ലോകത്തിൽ നിന്നു എടുക്കേണം എന്നല്ല, ദുഷ്ടന്റെ കയ്യിൽ അകപ്പെടാതവണ്ണം അവരെ കാത്തുകൊള്ളേണം എന്നത്രെ ഞാൻ അപേക്ഷിക്കുന്നതു" (യോഹന്നാൻ 17;15).

പ്രായോഗിക ജീവിതത്തിൽ നാം ഈ വിഷയത്തെ മനസിലാക്കേണ്ടതുണ്ട്. യഥാർത്ഥ ക്രിസ്തീയ ജീവിതം

നയിച്ചുകൊണ്ടു ലോകത്തുള്ള ഓരോ ജോലികൾ എങ്ങനെ ചെയ്യാം എന്നു വചനത്തിൽ നിന്നു നമുക്ക് പരിശോധിക്കാം. ക്രമേണ സഹപ്രവർത്തകർക്കിടയിൽ നമുക്കു ബഹുമാനം വർദ്ധിപ്പിക്കാൻ നമുക്കെങ്ങനെ കഴിയും? എഫെസ്യ ലേഖനം നാലാം അദ്ധ്യായത്തിൽ ഇരുപത്തി മൂന്നു മുതൽ മുപ്പത്തി രണ്ടു വരെയുള്ള വേദഭാഗങ്ങളിൽ ഈ സത്യം വെളിപ്പെടുത്തിയിരിക്കുന്നു. നാം അതു വായിച്ച് പരിഗണനക്കായി എടുക്കേണം.

ആകയാൽ ഭോഷ്ക്ക് ഉപേക്ഷിച്ച് ഓരോരുത്തൻ താന്താന്റെ കൂട്ടുകാരനോടു സത്യം സംസാരിപ്പിൻ നാം തമ്മിൽ അവയവങ്ങളല്ലോ (എഫെസ്യർ 4:25). നാം മറ്റുള്ളവരിൽ നിന്നു ബഹുമാനം പിടിച്ചെടുക്കണമെങ്കിൽ നമ്മിൽ സത്യം മാത്രമെയുണ്ടാകാവൂ. അസത്യം പാടില്ല. സത്യത്തിനു അതിന്റേതായ മതിപ്പും മാന്യതയുമുണ്ട്. ഈ വാക്യം പൗലൊസ് എഫെസ്യയിലെ ക്രിസ്ത്യാനികൾക്കു എഴുതിയതാണെങ്കിലും അതു നമുക്കും ബാധകമാണ്. നുണ പറയുക എന്നതു സാർവ്വലൗകികമായ സംഭവമാണ്. എന്തിനും ഏതിനും കള്ളം ഉപയോഗിക്കുന്നു. ചില ആളുകൾ പറയുന്നതു വിശ്വസിക്കാൻ തന്നെ പ്രയാസം നേരിടുന്നു. യാതൊരു സങ്കോചവുമില്ലാതെ നുണ അടിച്ചു വിടുന്നതിൽ സംതൃപ്തി കണ്ടെത്തുന്നവർ സഹോദരങ്ങൾക്കിടയിൽ തന്നെയുണ്ട്. നല്ല മനസാക്ഷിയ്ക്കായി തങ്ങളെത്തന്നെ രൂപപ്പെടുത്തിക്കൊണ്ടിരുന്ന പരിവർത്തനം ചെയ്തിട്ടു അധികം കഴിയാത്ത വിശുദ്ധന്മാരായിരുന്നു അന്നു എഫെസ്യയിൽ ഉണ്ടായിരുന്നതു എന്നോർക്കുക.

ഭോഷ്ക്ക് ദുഷ്ടനിൽ നിന്നാണ് വരുന്നത്. യേശുക്രിസ്തു ദുഷ്ടനെ വിവരിക്കുന്നതു നോക്കുക. അവൻ ആദി മുതൽ കുലപാതകൻ ആയിരുന്നു; അവനിൽ സത്യം ഇല്ലായ്കകൊണ്ട് സത്യത്തിൽ നില്ക്കുന്നതുമില്ല. അവൻ ഭോഷ്കു പറയുമ്പോൾ സ്വന്തത്തിൽ നിന്നു പറയുന്നു അവൻ ഭോഷ്കു പറയുന്നവനും അതിന്റെ അപ്പനും ആകുന്നു (യോഹന്നാൻ 8:44). നുണ തങ്ങൾക്കു തന്നെ പരിഹാരസമവും അതിനനുകൂലമായി പ്രവർത്തിക്കയും ചെയ്യുവാൻ അവർ തയ്യാറാകും. അതു അവരിൽ ഉള്ള വിശ്വാസവും ബഹുമാനവും നഷ്ടമാക്കും. വീട്ടിലിരുന്നുകൊണ്ടു "ഞാൻ വീട്ടിൽ ഇല്ലെന്നു പറഞ്ഞേക്കു" എന്നു പറയുന്നവരുണ്ട്. അല്ലെങ്കിൽ

"എനിക്കു സുഖമില്ലായിരുന്നു" എന്നു പറഞ്ഞൊഴിയുന്നവരുണ്ട്. ചിലരുണ്ട് വാസ്തവത്തിൽ നടന്നതുപോലെ ചില കാര്യങ്ങൾ കെട്ടിച്ചമച്ചു പറയുന്നു. അതുപോലെ തന്നെ മോഹന വാഗ്ദാനങ്ങൾ നല്കിയിട്ടു പിന്നെ അതിൽ നിന്നും പിൻമാറുന്നതും നുണ പറയുന്നതിനു തുല്യമാണ്. വ്യവസായത്തിലായാലും ജോലിയിലായാലും ഭോഷ്ക്കു ആർക്കും ഒരു പ്രയോജനവും ചെയ്യുകയില്ല.

ഞാൻ ആരോടെങ്കിലും നുണ പറയുമ്പോൾ അതിന്റെ ഗൗരവത്തെ കുറിച്ചും അപകടത്തെ കുറിച്ചും ഞാൻ ചിന്തിക്കുന്നേയില്ല. മറ്റുള്ളവർ എന്നോടു കള്ളം പറഞ്ഞാൽ എനിക്ക് എന്തു തോന്നും എന്നു ചിന്തിക്കുക. ഭോഷ്ക്ക് നിറഞ്ഞ ലോകത്തിൽ ഒരു സത്യ ക്രിസ്ത്യാനിയായ ഉദ്യോഗസ്ഥൻ പ്രകാശിക്കുന്ന വിളക്കായിരിക്കും.

രണ്ടാമതായി എഫെസ്യർ 4-ാം അദ്ധ്യായം ഇരുപത്തി ആറാം വാക്യം നോക്കാം. "കോപിച്ചാൽ പാപം ചെയ്യാതിരിപ്പിൻ; സൂര്യൻ അസ്തമിക്കുവോളം നിങ്ങൾ കോപം വെച്ചുകൊണ്ടിരിക്കരുത്". നമ്മുടെ ജോലിയിൽ നല്ല നിലവാരം പുലർത്തണമെങ്കിൽ നാം നമ്മുടെ കോപത്തെ അടക്കണം. മൃഗങ്ങൾക്കു പോലും അവയെ സംരക്ഷിക്കുന്നതിനു ചില കഴിവുകൾ ഉണ്ട്. അപ്പോൾ പിന്നെ മനുഷ്യർക്കും അതുണ്ടാകാതെ തരമില്ലല്ലോ. പക്ഷെ നമുക്കുണ്ടായ മുറിവുകളോടുള്ള പ്രതികരണമാണല്ലോ കോപം. പ്രതികാര വാഞ്ഛ ഉടലെടുക്കുന്ന ഒരു രീതിയാണിത്. പെട്ടെന്നുണ്ടാകുന്ന ആവേശം അതു വാക്കിലൂടെ, സ്വഭാവത്തിലൂടെ, പ്രവർത്തിയിലൂടെ ഒക്കെ പ്രദർശിപ്പിക്കാറുണ്ട് (മർക്കൊസ് 3:5). പക്ഷെ കോപത്തെ നിയന്ത്രിക്കുക എന്നതാണ് ബുദ്ധിമുട്ടുള്ള കാര്യം. ബഹുമാനത്തിനു മാത്രമെ ബഹുമാനത്തെ പുറപ്പെടുവിക്കാൻ സാധിക്കു. ദേഷ്യം വരുമ്പോൾ ശരിയായി പ്രവർത്തിക്കുവാനുള്ള കഴിവാണ് ആവശ്യം. നിങ്ങൾക്കു കോപം വരുമ്പോൾ ക്രിസ്തീയ സ്വഭാവം കാണിക്കുക.

എപ്പോഴാണ് കോപം പാപമായി തീരുന്നത്? ശരിയായ വിവേചനം നടത്താൻ സാധിക്കാതെ വരുമ്പോൾ അങ്ങനെ സംഭവിക്കുന്നു. ചിലരുടെ മൂക്കത്താണ് ശുണ്ഠി എന്നു പറഞ്ഞു കേൾക്കാറുണ്ട്. മുൻകോപം പ്രവർത്തിയിൽ കൊണ്ടു വരുമ്പോഴാണ്

അതു പാപമാകുന്നത്. കോപം വൈരാഗ്യമായി മാറി പ്രതികാരമായി പ്രതികരിക്കുന്നു. അവർക്ക് അതിനെ നിയന്ത്രിക്കാൻ കഴിയാതെവരുന്നു.

തെറ്റിനെ എതിർക്കുന്നതിനു പകരം തെറ്റു ചെയ്ത വ്യക്തിയോടു എതിർക്കുമ്പോഴാണ് പാപമാകുന്നത്. പ്രശ്നം പരിഹരിക്കുന്നതിനു പകരം സങ്കീർണ്ണമാക്കും വിധത്തിൽ പ്രതികാരം വീട്ടുകയാണ്. ആർക്കും നന്മക്കു പകരം തിന്മ ചെയ്യരുത് എന്നു തിരുവെഴുത്ത് പഠിപ്പിക്കുന്നു. ദോഷമായി സംസാരിച്ചു എങ്കിൽ തെളിവുകൊടുക്കാം. പക്ഷെ തല്ലുവാനുള്ള അധികാരം ആർക്കും ഇല്ല (യോഹന്നാൻ 18:22–23).

★

# യേശു പണിത സഭ

## ക്ലെം തർമാൻ

യേശുക്രിസ്തു ഭൂമിയിൽ ജീവിച്ചിരുന്ന സമയത്ത് തന്നെക്കുറിച്ച് ആളുകൾ എന്തു പറയുന്നു എന്നു തന്റെ ശിഷ്യന്മാരോടു ചോദിക്കയുണ്ടായി. "യേശു ഫിലിപ്പിന്റെ കൈസര്യയുടെ പ്രദേശത്തു എത്തിയ ശേഷം തന്റെ ശിഷ്യന്മാരോടു ജനങ്ങൾ മനുഷ്യ പുത്രനെ ആർ എന്നു പറയുന്നു എന്നു ചോദിച്ചു. ചിലർ യോഹന്നാൻ സ്നാപകൻ എന്നും മറ്റു ചിലർ ഏലിയാവെന്നും വേറെ ചിലർ യിരെമ്യാവോ പ്രവാചകന്മാരിൽ ഒരുത്തനോ എന്നും പറയുന്നു എന്നു അവർ പറഞ്ഞു. നിങ്ങളോ എന്നെ ആർ എന്നു പറയുന്നു എന്നു അവൻ ചോദിച്ചതിനു ശിമോൻ പത്രൊസ്, നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു എന്നു ഉത്തരം പറഞ്ഞു. യേശു അവനോടു: ബർയോനാ ശീമോനേ, നീ ഭാഗ്യവാൻ; ജഡ രക്തങ്ങൾ അല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവത്രെ നിനക്കു ഇതു വെളിപ്പെടുത്തിയതു. നീ പത്രൊസ് ആകുന്നു. ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും; പാതാള ഗോപുരങ്ങൾ അതിനെ ജയിക്കയില്ല എന്നു ഞാൻ നിന്നോടു പറയുന്നു. നീ ഭൂമിയിൽ കെട്ടുന്നതു ഒക്കെയും സ്വർഗ്ഗത്തിൽ കെട്ടപ്പെട്ടിരിക്കും. നീ ഭൂമിയിൽ അഴിക്കുന്നതൊക്കെയും സ്വർഗ്ഗത്തിൽ അഴിഞ്ഞിരിക്കും എന്നു

ഉത്തരം പറഞ്ഞു (മത്തായി 16:13-19).

"ഞാൻ എന്റെ സഭയെ പണിയും" എന്ന കർത്താവിന്റെ വാഗ്ദാനം ഇന്നത്തെ ആളുകളായ നമുക്കു തിരിച്ചറിയുന്ന സ്ഥിതി നല്കിയിരിക്കയാണ്. മൂഢരായ ആളുകൾ ആരംഭം മുതൽ കർത്താവിന്റെ ഈ വാഗ്ദാനത്തോടു കൂട്ടു ചേർത്തു കൊണ്ടിരിക്കയാണ്. നല്ല ഉദ്ദേശത്തോടെയല്ലെങ്കിലും ജനങ്ങൾ പണിയുവാൻ മത്സരിക്കുകയാണ്. ദിവസവും നവീന സഭകൾ ഉടലെടുക്കുകയാണ്. യേശുക്രിസ്തു ഏക സഭ മാത്രമെ പണിതുള്ളു. എങ്കിലും മനുഷ്യർ എണ്ണികൂടാത്ത സഭകൾ ഉണ്ടാക്കിയിരിക്കയാണ്. യേശുക്രിസ്തു ഇങ്ങനെയുള്ളവർക്കു എന്തു സംഭവിക്കുമെന്നു മുന്നറിയിച്ചിട്ടുണ്ട്. "സ്വർഗ്ഗസ്ഥനായ എന്റെ പിതാവു നട്ടിട്ടില്ലാത്ത തൈ ഒക്കെയും വേരോടെ പിഴുതു പോകും" (മത്തായി 15:13). സഭ പണിയുവാൻ മത്സരം കാണിച്ചവരും കാണിച്ചുകൊണ്ടിരിക്കുന്നവരും ഇതറിഞ്ഞിരുന്നെങ്കിൽ എത്ര നന്നായിരുന്നു.

*

## നാമധേയ വിഭാഗങ്ങൾ ക്രിസ്തുവുമായി മത്സരിക്കുന്നു.

ഏതാണ്ടു നാനൂറിൽ അധികം നാമധേയ വിഭാഗങ്ങൾ ഉള്ളതായിട്ടുള്ള കണക്കാണ് എനിക്ക് ഒടുവിൽ കിട്ടിയത്. അവരെല്ലാം യേശുവിനെ പിൻപറ്റുന്നു എന്നു അവകാശപ്പെടുന്നവരാണ്. പക്ഷെ ഉപദേശത്തിലും, ആരാധനയിലും വ്യത്യാസം ഉണ്ട്. ധാരാളം അവകാശവാദങ്ങൾ ഇവരെല്ലാം നടത്തുന്നുണ്ട്. ചിലത് തങ്ങളാണ് സത്യസഭ എന്നു വാദിക്കുന്നു. മറ്റു ചിലതു പറയുന്നതു; എല്ലാ നാമധേയ വിഭാഗങ്ങളും സത്യസഭയുടെ ഭാഗങ്ങളാണ് എന്നാത്രെ. സത്യസഭ എന്നൊന്നില്ല എന്നു പറയുന്നവരും ഇല്ലാതില്ല. പക്ഷെ അവർ കർത്താവിന്റെ പ്രസ്താവനയെയും അപേക്ഷയെയും മറന്നിരിക്കയാണ്. ഇവർക്കു വേണ്ടി മാത്രമല്ല, ഇവരുടെ വചനത്താൽ എന്നിൽ വിശ്വസിപ്പാനിരിക്കുന്നവർക്കു വേണ്ടിയും ഞാൻ അപേക്ഷിക്കുന്നു. നീ എന്നെ അയച്ചിരിക്കുന്നു എന്നു ലോകം വിശ്വസിപ്പാൻ അവർ എല്ലാവരും ഒന്നാകേണ്ടതിനു പിതാവേ നീ

എന്നിലും ഞാൻ നിന്നിലും ആകുന്നതു പോലെ അവരും നമ്മിൽ ആകേണ്ടതിനു തന്നെ (യോഹന്നാൻ 17:20–21). യേശുക്രിസ്തു ഒരിക്കലും ആഗ്രഹിച്ചിട്ടില്ല ഒരു നാമധേയ വിഭാഗം പോലും ഉണ്ടാകുവാൻ. എന്നാൽ കർത്താവിന്റെ ഹിതത്തിനു വിപരീതമായിട്ടാണ് ആളുകൾ അതുണ്ടാക്കിയിരിക്കുന്നത്.

വിശ്വാസികളെല്ലാം ഒന്നായിരിക്കേണ്ടതിന്റെ പ്രത്യേകതയെ അപ്പൊസ്തലനായിരുന്ന പൗലൊസ് ഓർപ്പിക്കുന്നുണ്ട്. ആത്മാവിന്റെ ഐക്യത സമാധാന ബന്ധത്തിൽ സൂക്ഷിക്കണം. കാരണം, ശരീരം ഒന്ന്, ആത്മാവ് ഒന്ന്, പിതാവ് ഒരുവൻ, കർത്താവും ഒരുവൻ മാത്രം. യേശുക്രിസ്തുവാണ് ശരീരത്തിന്റെ തല. സഭ എന്നത് കർത്താവിന്റെ ശരീരമാണ്. ഏക ശരീരത്തിന്റെ ഏക തലയാണ് ക്രിസ്തു (എഫെസ്യർ 4:3–6; കൊലൊസ്യർ 1:18). യേശു പണിതതായ സഭയുടെ തല ക്രിസ്തുവാണ്. മനുഷ്യർ പണിതതായ സഭകളുടെ തലകൾ എല്ലാം മനുഷ്യർ തന്നെ ആയിരിക്കും. കൊരിന്ത്യ സഭയിൽ ഭിന്നതയുണ്ടായപ്പോൾ പൗലൊസ് അതിനെ ഉടനെ ഖണ്ഡിക്കയുണ്ടായി. എല്ലാവരും ഒന്നു തന്നെ സംസാരിക്കയും ഏക മനസ്സിലും ഏക അഭിപ്രായത്തിലും യോജിച്ചിരിക്കയും വേണം എന്നു പറയുകയുണ്ടായി (1 കൊരിന്ത്യർ 1:10–13).

## ക്രിസ്തുവിന്റെ സഭയുടെ വാഗ്ദാനങ്ങൾ

യേശു പണിയുമെന്നു പറഞ്ഞ സഭയെ സംബന്ധിച്ച് പഴയ നിയമ പ്രവാചകന്മാർ നൂറിലധികം പ്രവചനങ്ങൾ നടത്തിയിട്ടുണ്ട്. “ഈ രാജാക്കന്മാരുടെ കാലത്തു സ്വർഗ്ഗസ്ഥനായ ദൈവം ഒരു നാളും നശിക്കാത്ത രാജ്യം സ്ഥാപിക്കും അതു എന്നേക്കും നിലനില്ക്കും” (ദാനിയേൽ 2:44). ഞാൻ യെരുശലേമിൽ എന്റെ ആലയം പണിയും എന്നു യഹോവ അരുളിച്ചെയ്തു (സെഖര്യാവ് 1:16). അന്ത്യകാലത്തു യഹോവയുടെ ആലയമുള്ള പർവ്വതം പർവ്വതങ്ങളുടെ ശിഖരത്തിൽ സ്ഥാപിതവും കുന്നുകൾക്കു മീതെ ഉന്നതവുമായിരിക്കും. സീയോനിൽ നിന്നു ഉപദേശവും

യെരുശലേമിൽ നിന്നു യഹോവയുടെ വചനവും പുറപ്പെടും (യെശയ്യാവ് 2:2–3). ദൈവത്തിന്റെ ആലയം സഭയാണെന്നു അപ്പൊസ്തലനായ പൗലൊസ് രേഖപ്പെടുത്തിയിട്ടുണ്ട് (1 തിമൊഥെയൊസ് 3:15). അതു ദൈവത്തിന്റെയും ക്രിസ്തുവിന്റെയും രാജ്യമാണ് എന്നതും വ്യക്തമാക്കപ്പെട്ടിരിക്കുന്നു. ദൈവ രാജ്യത്തിൽ പ്രവേശിക്കുന്നതും സഭയിൽ പ്രവേശിക്കുന്നതും ഒരുപോലെയാണ്. മാനസാന്തരപ്പെട്ടു സുവിശേഷത്തിൽ വിശ്വസിച്ച് അനുസരിക്കുക എന്നതാണ് ഉപാധി (എബ്രായർ 12:23; കൊലൊസ്യർ 1:12, 13, ലൂക്കൊസ് 24:47). അങ്ങനെ ആ പ്രവചനവും വാഗ്ദാനവും അനുസരിച്ച് കർത്താവു തന്റെ സഭയെ പണിതു.

✶

## കർത്താവിന്റെ സഭയുടെ സ്ഥാപനം

അപ്പൊസ്തലന്മാരോടു കർത്താവു യെരുശലേമിൽ കാത്തിരിക്കാൻ ആവശ്യപ്പെടതുപോലെ അവർ ചെയ്തു. പ്രവചനവും വാഗ്ദത്തവും അനുസരിച്ച് പെന്തെക്കൊസ്തു നാളിൽ കർത്താവു തന്റെ സഭ പണിതു (അപ്പൊസ്തല പ്രവൃത്തി) സ്ഥലം യെരുശലേം തന്നെയാണ്. പ്രവചിച്ചപോലെ റോമാ രാജാക്കന്മാരുടെ കാലയളവിൽ പരിശുദ്ധാത്മാവ് ശക്തിയോടെ അപ്പൊസ്തലന്മാരിൽ വരികയും തുടർന്നു വചനം കേട്ടു, വിശ്വസിച്ച് മാനസാന്തരപ്പെട്ടു, പാപമോചനത്തിനായി സ്നാനമേറ്റവരെ കർത്താവു രക്ഷിക്കയും തന്റെ സഭയിലേക്കു ചേർക്കുകയും ചെയ്തു. അങ്ങനെയാണ് കർത്താവിന്റെ സഭയുടെ ആരംഭം. യെരുശലേമിൽ ആരംഭിക്കാത്തതും കർത്താവ് പണിയാത്തതും ആയ സഭകൾ ഒന്നും, കർത്താവിന്റേതല്ല. ദൈവ വചനത്തിൽ കർത്താവു അരുളിച്ചെയ്ത രക്ഷാ പദ്ധതി അനുസരിക്കുന്നവരെ മാത്രമെ കർത്താവു രക്ഷിക്കയുള്ളു. അവരാണ് കർത്താവിന്റെ സഭയിൽ ഉള്ളത്. പേരിൽ മാത്രം ക്രിസ്തുവിന്റെ സഭ എന്നറിയപ്പെട്ടാൽ പോരാ, വിശ്വാസത്തിൽ, ഉപദേശത്തിൽ, ആരാധനയിൽ, അനുഷ്ഠാനത്തിൽ എല്ലാം കർത്താവിന്റെ അധികാരം മാത്രമായിരിക്കണം ഉണ്ടാകേണ്ടത്.

✶

# മനപ്പൂർവ്വം സഭായോഗം മുടക്കുന്നതു പാപമോ?

ഗ്രാഡി.എം.മില്ലർ

യഥാർത്ഥ ക്രിസ്ത്യാനികളായി തീർന്ന അനേകം ആളുകളുടെ മനസിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന ചോദ്യമാണിത്. ദൈവത്തെ സത്യത്തിലും ആത്മാവിലും ആരാധിക്കുവാൻ ബാദ്ധ്യസ്ഥരാണ് ഇവർ. എന്നാൽ മനുഷ്യ ജീവിതത്തിൽ നേരിടേണ്ടി വരുന്ന പല കാര്യങ്ങൾ ഉണ്ട്. ദൈവത്തോടുള്ള വിശ്വസ്തത നാം അനുസരണത്തിലൂടെയല്ലാതെ പിന്നെ എങ്ങനെ കാണിക്കും? ദൈവത്തോടുള്ള സ്നേഹം പ്രകടമാക്കുന്നത് പിന്നെ എങ്ങനെ? നിർബന്ധമായി ആരാധനയും ബൈബിൾ പഠനവും മുടക്കുന്ന ആളുകളുണ്ട്. അത് പാപമാണെന്ന ചിന്ത അവരിൽ ഇല്ലെന്ന ഭാവമാണുള്ളത്. ഒഴിവുകഴിവുകൾ ധാരാളം അവർ പറഞ്ഞു കേൾക്കാറുണ്ട്. എന്നാൽ ഈ വസ്തുത നാം ശരിയായി മനസിലാക്കേണ്ടതും ഗൗരവമായി കണക്കാക്കേണ്ടതുമാണ്.

വിശ്വസ്തമായി ആരാധനയിൽ പങ്കെടുക്കേണ്ടതു ആവശ്യമാണ്. എന്നാൽ സ്വന്തം ആവശ്യങ്ങൾക്കായി സഭായോഗം മുടക്കുന്നവരുണ്ട്. അതിഥികളെ സ്വീകരിക്കുന്നതിനായി ആരാധന ഒഴിവാക്കുന്നവരുണ്ട്. വിനോദത്തിനുവേണ്ടി ആരാധന ഒഴിവാക്കുന്നവരുണ്ട്. വിനോദത്തിനായി സഭായോഗം അവഗണിക്കുന്നവരുണ്ട്. ഇങ്ങനെ ധാരാളം കാരണങ്ങൾ അവർക്കു മുന്നിൽ ഉണ്ട്. പക്ഷെ ഇതെല്ലാം ദൈവ സന്നിധിയിൽ നീതീകരിക്കത്തക്കതാണോ എന്നതാണ് ചോദ്യം. സ്വയം തീരുമാനിച്ച് മുടക്കുന്ന രീതി ദൈവാത്മാവിനു വിരോധം തന്നെയാണ്. അത് ആത്മാവിനു ദോഷം ചെയ്യും; മറ്റുള്ളവരെ അപ്രകാരം ചെയ്യാൻ പ്രേരിപ്പിക്കുന്നതുകൊണ്ടു രണ്ടു വിധത്തിൽ ദോഷമാണ് ഉണ്ടാകുന്നത്. ക്രമേണ ഇവർ നല്ലതും പ്രയോജന പ്രദവുമായതു ചെയ്യാതെ സ്വന്തം കാര്യങ്ങളിൽ ഒതുങ്ങി കഴിയുന്നു. മുമ്പെ ദൈവരാജ്യം അന്വേഷിക്കുക എന്ന യേശുക്രിസ്തുവിന്റെ ഉപദേശത്തെ ഇവർ ആദരിക്കുന്നില്ല. കർത്താവിനു മഹത്വം കൊടുക്കാത്തവർ തങ്ങൾക്കു തന്നെ പ്രാമുഖ്യം കല്പിക്കുന്നവരാണ് (മത്തായി 6:33).

സഭ എന്നതു കർത്താവിന്റെ ശരീരമാണ്. ആ ശരീരത്തിലെ ഓരോ അവയവങ്ങളാണ് അംഗങ്ങൾ. ഒരാൾ അതിൽ നിന്നു വിട്ടു

നിന്നാൽ ശരീരത്തിന്റെ യോജിപ്പും പൂർണ്ണതയും നഷ്ടമാക്കുന്നു. മനഃപ്പൂർവ്വം ആരാധന മുടക്കുന്നതു പാപമാണ്. എന്നാൽ രോഗമോ മരണമോ ഇങ്ങനെ പ്രത്യേകമായ സാഹചര്യത്തെ കർത്താവ് അറിയുകയും കാര്യമാക്കാതിരിക്കയും ചെയ്യും. അല്ലാതെയുള്ള സഭായോഗം മുടക്കൽ തീർത്തും പാപം തന്നെയാണ്. അതെന്തുകൊണ്ടാണെന്നു വിശദമായി നമുക്കു മനസിലാക്കാം.

✶

### 1.ദൈവ കല്പനയെ ലംഘിക്കുന്നതാണ് അത്.

ദൈവം കല്പിച്ചിരിക്കുന്ന കല്പന അനുസരിക്കാതിരിക്കുന്നതു തെറ്റാണ്. നിയമലംഘനം പാപമാണ്. യോഹന്നാൻ രേഖപ്പെടുത്തിയിരിക്കുന്നതു സകല അധർമ്മവും പാപം തന്നെ എന്നാണ് (1 യോഹന്നാൻ 3:4). സഹോദരങ്ങളായി ഒരുമിച്ച് കൂടി വന്നു ദൈവത്തെ ആദരിക്കുവാൻ ദൈവം നമ്മോടു പ്രബോധിപ്പിച്ചിരിക്കുന്നു. അതു മുടക്കരുത് എന്ന മുന്നറിയിപ്പും ഉണ്ട് (എബ്രായർ 10:24). നമ്മുടെ ആത്മിയ ഉത്തേജനത്തിനു വേണ്ടിയാണ് അങ്ങനെ ചെയ്യാൻ പറഞ്ഞിരിക്കുന്നത്. നേരിട്ടു ദൈവം ചെയ്യാൻ ആവശ്യപ്പെട്ടതു നാം ഉപേക്ഷ വിചാരിച്ചാൽ പാപമല്ലാതെ പിന്നെന്താണത്? ആകയാൽ സഭായോഗം ആരാധനക്കായാലും ബൈബിൾ പഠനത്തിനായാലും കുടി വരുന്നതു ഒഴിവാക്കരുത്.

✶

### 2. ദൈവേഷ്ടത്തിൽ നിലനില്ക്കാതവണ്ണം അതിനെ കർശനമായി നിഷേധിക്കുന്നു.

ദൈവത്തിന്റെ പ്രതീക്ഷക്കൊത്ത് നാം നില്ക്കുന്നില്ല എന്നു പറയുമ്പോൾ സമ്മതിക്കേണ്ടി വരും (റോമർ 3:23). ദൈവ നിർദ്ദേശത്തെ നാം തള്ളിക്കളയുമ്പോൾ ദൈവതേജസിൽ നിന്നും നാം വീണു പോകയാണ് ചെയ്യുന്നത്. ചിലപ്പോൾ നാം പരീക്ഷണത്തിനു വിധേയപ്പെടുന്നു. ആരാധന മുടക്കിക്കൊണ്ടിരിക്കുന്ന സ്വഭാവം ഒരാളിൽ ഉള്ളതും അറിയാതെ ഏതെങ്കിലും സന്ദർഭത്തിൽ വന്നു പോകുന്നതും തമ്മിൽ വ്യത്യാസമുണ്ട്. നാം സഭായോഗം മുടക്കി മറ്റു കാര്യങ്ങളിൽ

തീരക്കുള്ളവരായി തീരുമ്പോൾ നാം അവഗണിക്കുന്നതു ദൈവത്തെയും ദൈവ ജനത്തേയും ആണ്. അത് കരുതി കൂട്ടി ചെയ്യുന്നതാകയാൽ ദൈവ സന്നിധിയിൽ പാപം തന്നെയാണ്.

★

### 3. അത് കർത്താവിന്റെ സഭയെ ദുർബ്ബലമാക്കുവാനും സാത്താന്റെ സ്വാധീനത്തെ ബലപ്പെടുത്തുവാനും സഹായിക്കുന്നു.

നീതി വിരുദ്ധമായി ചെയ്യുന്നതെന്തും സാത്താന്റെ സ്വാധീനത്തെ ബലപ്പെടുത്തുകയും ആത്മിയ ശക്തിയെ ക്ഷയിപ്പിക്കയും ചെയ്യുന്ന ഇടർച്ചയുണ്ടാകും. കരുതി കൂട്ടിയുള്ള ഉപേക്ഷ വരുത്തി തീർക്കുന്ന വിപത്തു വളരെ ഗൗരവമായി കണക്കിലെടുക്കണം. ആരാധന മുടക്കിക്കൊണ്ടിരിക്കുന്നവർ അതുമൂലം ഉണ്ടാകാവുന്ന ഫലത്തെ കുറിച്ചു ബോധവാന്മാരാകണം. സഹക്രിസ്ത്യാനികൾക്ക് ഇവർ നല്കുന്ന സംഭാവന നിരാശ തന്നെയാണ്. അവരുടെ അവിശ്വസ്തത സഭയിൽ ഇടർച്ച സൃഷ്ടിക്കുന്നു. വിശ്വസ്തരായ ആളുകളുടെ സത്യസന്ധമായ സേവനങ്ങളെ ഇവർ തരം താഴ്ത്തി കാണിക്കുന്നു. ലോകത്തിലുള്ള ആളുകൾ കർത്താവിന്റെ സഭയെ തുച്ഛീകരിക്കുന്നതിനേക്കാൾ ഉപദ്രവമാണ് ഇവരുടെ പ്രവൃത്തികൾ. അവർ പറയുന്ന ന്യായവാദങ്ങൾ വെറും ഒഴിവു കഴിവു മാത്രമാണ്. രഹസ്യത്തിൽ ചിലർ ചെയ്യുന്ന പാപത്തെക്കാൾ മാരകമായ ഫലമാണ് ഇവർ പുറപ്പെടുവിക്കുന്നത്. അത് ആരായിരുന്നാലും എവിടെയായിരുന്നാലും ശരിയാണ്.

സഭായോഗത്തിൽ സംബന്ധിക്കുക എന്നതാണ് എല്ലാം എന്നല്ല പറയുന്നത്. വെറുതെ വന്നിരുന്നതു കൊണ്ടും ഫലമില്ല. സഭായോഗം മുടക്കാതെ ബൈബിൾ പഠനം ഉപേക്ഷിക്കാതെ ഇരിക്കുന്ന ഒരാൾ പാപ ജീവിതം നയിച്ചാൽ അതുകൊണ്ടു പ്രയോജനമില്ല. നമ്മുടെ ശാരീരിക സാന്നിദ്ധ്യം കൊണ്ടു നമ്മുടെ ആരാധന സത്യത്തിലും ആത്മാവിലും ആയി തീരും എന്നും ധരിക്കരുത്. ദൈവത്തോടു വിശ്വസ്തതയും ആത്മാർത്ഥതയും പുലർത്തുന്ന യഥാർത്ഥ പരിവർത്തനം ചെയ്യപ്പെട്ട ക്രിസ്ത്യാനികൾ

ദൈവത്തെയാണ് പ്രസാദിപ്പിക്കുന്നത്. ശരിയായി പരിവർത്തനം ചെയ്യപ്പെടാത്തവർ, ബലഹീന വിശ്വാസികൾ ആയിട്ടുള്ളവർ വിശ്വസ്ഥതയും ആത്മാർത്ഥതയും പുലർത്തുന്ന യഥാർത്ഥ പരിവർത്തനം ചെയ്യപ്പെട്ട ക്രിസ്ത്യാനികൾ കരുതി കൂട്ടി ആരാധന മുടക്കുകയില്ല. കാരണം അവർ ദൈവത്തെയാണ് പ്രസാദിപ്പിക്കുന്നത്. ശരിയായി പിരവർത്തനം ചെയ്യപ്പെടാത്തവർ, ബലഹീന വിശ്വാസികൾ ആയിട്ടുള്ളവർ ആരാധനയിൽ വിശ്വസ്തതയും സത്യസന്ധതയും പ്രകടിപ്പിക്കാറില്ല.

നാം സ്വയമായി തീരുമാനിച്ച് സഭായോഗം ഉപേക്ഷിക്കുമ്പോൾ കർത്താവിനോടും സഭയോടും ലോകത്തോടും അറിയിക്കുന്ന ഒരു കാര്യമുണ്ട്. ആരാധനയും ബൈബിൾ പഠനവും നമ്മുടെ ജീവിതത്തിൽ "അപ്രധാനമെന്ന്". ദൈവത്തേക്കാൾ വലുതായിട്ട് ആരാണ്, എന്താണ് നമുക്കുള്ളത്? ദൈവരാജ്യത്തേക്കാൾ പ്രാധാന്യമേറുന്നത് എന്താണ്?

✶

## മദ്യപാനം

**ഫ്രാൻസിസ് ഡേവിഡ്**

ഇന്ത്യയിലെ ഏതാനും സംസ്ഥാന സർക്കാരുകൾ മദ്യപാനത്തെ വിലക്കുകയുണ്ടായി. ചില സ്ഥലങ്ങളിൽ ചാരായം നിരോധിക്കയുണ്ടായി. ഇതിനെ അനുകൂലിച്ചും പ്രതികൂലിച്ചും ആളുകൾ പ്രസ്താവനകൾ ഇറക്കുകയുണ്ടായി. ആന്ധ്രാപ്രദേശും ഹരിയാനയും ഈ ദുർവൃത്തിയെ പൂർണ്ണമായി നിരോധിച്ചിരിക്കയാണ്. ഗവൺമെന്റിന്റെ ഈ നിലപാടിൽ ചിലർ അസന്തുഷ്ടരാണ്. കുടിച്ചില്ലെങ്കിൽ അവരുടെ ജീവിതം രസമില്ലാതെ, ഉത്സാഹമില്ലാതെ മന്ദീഭവിച്ച അവസ്ഥയായി തീരും എന്നത്രെ അവരുടെ പക്ഷം. സംസ്ഥാനത്തിനു പുറത്തു പോയി തങ്ങൾക്കിഷ്ടപ്പെട്ട മദ്യം വാങ്ങി കഴിക്കുന്നവരുണ്ട് എന്നു പോലും ഞാൻ കേട്ടിട്ടുണ്ട്. എന്നാൽ മറുവശത്ത് വേറൊരു കൂട്ടം ആളുകൾ ഇതിൽ സന്തോഷിക്കയാണ്. സ്ത്രീകളും കുട്ടികളുമാണ് അവർ. അവരുടെ സ്വസ്ഥതയും സമാധാന ജീവിതവും തിരിച്ചു കിട്ടുമെന്നു വന്നു. മദ്യമായിരുന്നു അവർക്ക് അത് നഷ്ടമാവാൻ കാരണം. ഭാര്യയെയും മക്കളെയും കുടുംബാംഗങ്ങളെ മൊത്തത്തിലും

കരുതാതെ അവരെ ഉപദ്രവിച്ചുകൊണ്ടിരുന്നതു ഇനി അനുഭവിക്കേണ്ടി വരികയില്ലല്ലോ എന്നോർത്ത് അവർ സന്തോഷിക്കുന്നു.

ചരിത്രം നോക്കിയാൽ മദ്യം കഴിക്കുന്നവരെ പണ്ടു മുതൽക്കേ കണ്ടു വരുന്നുണ്ട്. പുരാതന കാലത്തു തുടങ്ങിയതാണ് ഈ സ്വഭാവം. ഈ ദുഃസ്വഭാവത്തിനു കാലപ്പഴക്കം തന്നെ ഉണ്ട്. ലോകം മുഴുവനും ആളുകളിൽ കടന്നു കൂടിയ ഈ മോശമായ സ്വഭാവത്തെ സമൂഹത്തിൽ എവിടെയും കാണാം. കുറഞ്ഞു വരികയല്ല പിന്നെയോ വർദ്ധിച്ചു വരികയാണ്. വല്ലപ്പോഴും കുടിക്കുന്നവരുണ്ട്, മദ്യപാനം ഒരു ശീലമാക്കിയിരിക്കുന്നവരുണ്ട്. അതെന്തായാലും അവരെല്ലാം മദ്യപാനികൾ തന്നെയാണ്. കഴിക്കുന്ന അളവിൽ ഏറ്റക്കുറച്ചിൽ ഉണ്ടായേക്കാം. ചിലർ അതിൽ നിന്നു പിന്തിരിയാൻ പറ്റാതവണ്ണം അതിനു അടിമപ്പെട്ടിരിക്കയാണ്.

സാമൂഹ്യ സന്നദ്ധസംഘടനകളിൽ നിന്നും മതപരമായ മുന്നറിയിപ്പുകൾ മദ്യപാനത്തിന്റെ ദോഷ ഫലങ്ങളെ കുറിച്ച് ഉണ്ടായിട്ടുപോലും ആളുകൾ അതിനെ ചെവിക്കൊള്ളുന്നില്ല. മദ്യപ്രിയരായ ആളുകൾ ഇതു കേട്ടിട്ടും അവർക്ക് ഒരു കൂസലുമില്ല. ഈ മദ്യം ഉപേക്ഷിക്കാൻ തങ്ങൾക്ക് എങ്ങനെ കഴിയും എന്നതാണ് അവരുടെ ചോദ്യം. ചിലർ തങ്ങളുടെ വഴിയാണ് ശരിയായ വഴി എന്നു സമർത്ഥിക്കും. മറ്റു ചിലർ അതിൽ നിന്നു വിട്ടുമാറാൻ കഴിയാതവണ്ണം ഒഴിവുകഴിവുകൾ നിരത്തും. അതെല്ലാം വാസ്തവത്തിൽ വിഢ്ഢിത്തമാണ്. ശരീരത്തെയും ആത്മാവിനെയും കുടുംബ ബന്ധങ്ങളെയും തകർക്കുന്ന ഈ ദുഷിച്ച പ്രവണത ഒരുതരത്തിലും ഗുണം ചെയ്യുന്നില്ല എന്ന് അവർ തിരിച്ചറിയുന്നില്ല. സമൂഹത്തിൽ നല്ല ജീവിത നിലവാരം പുലർത്തി ഉന്നതിയിലെത്തണമെന്ന് ആഗ്രഹിക്കാത്തവർ ആരുണ്ട്? പക്ഷെ അതിനു തടസമായി നില്ക്കുന്ന വശത്തെ കുറിച്ച് അവർ തിരിച്ചറിയുന്നില്ല.

ഒരു ചെറിയ തുടക്കമായിട്ടായിരിക്കും പലരും ആരംഭിക്കുന്നത്. ഒരു കമ്പനിക്കു വേണ്ടി അല്പം കഴിച്ചു തുടങ്ങും. അങ്ങനെ ക്രമേണ വല്ലപ്പോഴും ആയെന്നിരിക്കും. പിന്നെ കുപ്പിക്കണക്കിലേക്കു നീങ്ങും. അതു ദിവസവും ആയാലെന്തെന്നു തോന്നും. ഡ്രൈവർ മദ്യപിച്ചതു കൊണ്ടുണ്ടാകുന്ന അപകടങ്ങൾ

നിത്യ സംഭവമായി മാറി കഴിഞ്ഞിരിക്കുന്നു. മദ്യപിച്ച് കരൾ പൊട്ടി പലരും മരിച്ചിരിക്കുന്നു. എന്തിനാണീ ക്രൂര വിനോദം! സുബോധം നഷ്ടപ്പെടുത്തുന്ന ഈ വിഷം എന്തിനു കഴിക്കണം എന്നു ചിന്തിക്കുക. ചിലർ പറയുന്നതു എല്ലാം മറക്കാനാണ് കുടിക്കുന്നത് എന്നതാണ്. പക്ഷെ വാസ്തവത്തിൽ മറക്കുകയാണ് എന്ന തോന്നൽ മാത്രമാണ്, വെറും ഒരു മരവിപ്പ് മാത്രമാണ് മദ്യത്തിൽ നിന്നു കിട്ടുന്നത്. ആരും അകപ്പെടരുത്. മാതാപിതാക്കൾ തങ്ങളുടെ മക്കളെ ഈ ദുഷിച്ച സ്വഭാവത്തിൽ അവർ ചാടാതിരിക്കാൻ അവരെ പ്രബോധിപ്പിക്കണം. അവർക്കു നേരായ പാത മാതൃകാ ജീവിതത്തിലൂടെ കാണിച്ചു കൊടുക്കണം.

ദൈവ വചനത്തിൽ ഈ മദ്യപാനത്തെ കുറിച്ചു പറയുന്നതെന്തെന്നു ശ്രദ്ധിക്കുക. സദൃശവാക്യങ്ങൾ വളരെ ഉയർന്ന നിലവാരം പുലർത്തുന്ന പുസ്തകമാണല്ലോ. ബുദ്ധിമാനായ ശലോമോൻ പറയുന്നു: "വീഞ്ഞു പരിഹാസിയും മദ്യം കലഹക്കാരനും ആകുന്നു. അതിനാൽ ചാഞ്ചാടി നടക്കുന്ന ആരും ജ്ഞാനിയാകയില്ല (സദൃശവാക്യങ്ങൾ 20:1). നീ വീഞ്ഞു കുടിക്കുന്നവരുടെ കൂട്ടത്തിലും മാംസ ഭോജന പ്രിയരുടെ ഇടയിലും ഇരിക്കരുത്. കുടിയനും അതിഭക്ഷകനും ദരിദ്രരായി തീരും (സദൃശവാക്യങ്ങൾ 23:20-21). ആർക്കു കഷ്ടം, ആർക്കു സങ്കടം, ആർക്കു കലഹം? ആർക്കു ആവലാതി, ആർക്കു അനാവശ്യമായ മുറിവുകൾ, ആർക്കു കൺ ചുവപ്പ്? വീഞ്ഞു കുടിച്ചുകൊണ്ടു നേരം വൈകിക്കുന്നവർക്കും മദ്യം രുചി നോക്കുവാൻ പോകുന്നവർക്കും തന്നെ (സദൃശവാക്യങ്ങൾ 23:29-30).

മദ്യപാനത്തെ ബൈബിൾ ഖണ്ഡിക്കുന്നില്ല എന്നതാണ് ചില ആളുകൾ കരുതുന്നത്. പക്ഷെ പഴയ നിയമത്തിലും പുതിയ നിയമത്തിലും ദൈവം മദ്യത്തെ നിരോധിച്ചിരിക്കയാണ്. പഴയ നിയമകാലത്തു അഹരോനോട് അരുളിച്ചെയ്തത് "നീയും നിന്റെ പുത്രന്മാരും മരിച്ചു പോകാതിരിക്കേണ്ടതിനു സമാഗമന കൂടാരത്തിൽ കടക്കുമ്പോൾ വീഞ്ഞും മദ്യവും കുടിക്കരുത്. ഇതു നിങ്ങൾക്കു തലമുറ തലമുറയായി എന്നേക്കുമുള്ള ചട്ടമായിരിക്കണം (ലേവ്യാപുസ്തകം 10:8-9). മദ്യപാനികൾ സ്വർഗ്ഗരാജ്യം അവകാശമാക്കുകയില്ല എന്നാണ് അപ്പൊസ്തലനായ പൗലൊസ് വ്യക്തമാക്കിയിരിക്കുന്നത് (1 കൊരിന്ത്യർ 6:10). പക്ഷെ

ചിലർ, യേശുക്രിസ്തു കാനാവിലെ കല്ല്യാണവിരുന്നിൽ വീഞ്ഞുണ്ടാക്കി കൊടുത്തു എന്നും അപ്പൊസ്തലനായ പൗലൊസ് തിമൊഥെയൊസിനോട് വീഞ്ഞു കുടിക്കാൻ പറഞ്ഞിട്ടുണ്ട് എന്നും പറഞ്ഞു അവരുടെ മദ്യപാനത്തെ ന്യായീകരിക്കാറുണ്ട്. ഇതു തെറ്റായ വ്യാഖ്യാനമാണ്. ശരിയായ ഉദ്ദേശത്തെ കണക്കിലെടുക്കാതെ തെറ്റായി വചനത്തെ എടുത്തുപയോഗിക്കുന്നവർ ദൈവത്തെ പരിഹസിക്കയാണ് ചെയ്യുന്നത്. ഔഷധാവശ്യത്തിനു വേണ്ടി വീഞ്ഞുപയോഗിക്കുന്നതും കുടിച്ചു മത്താകുന്നതും രണ്ടും രണ്ടാണല്ലൊ.

മുന്തിരിച്ചാറ് നല്ലൊരു പാനീയമാണ്. അതു അമിതമായാൽ ലഹരി പിടിക്കും. ഒരു ക്രിസ്ത്യാനിയെ സംബന്ധിച്ച് മദ്യം അവന് നിഷിദ്ധമാണ് എന്നതിൽ തർക്കമില്ല. സ്വന്തം ശരീരത്തെ ദ്രോഹിക്കുവാൻ ആർക്കും അധികാരമില്ല. നമ്മുടെ ശരീരം ദൈവ മഹത്വത്തിനായി ഉപയോഗിക്കണം. മനസിനെ മരവിപ്പിച്ച് ചിന്താശക്തിയെ നഷ്ടപ്പെടുത്തുന്ന മദ്യം ഹാനികരം തന്നെയാണ് ആത്മാവിനെ അതു ദൈവത്തിൽ നിന്നും അകറ്റുന്നു. ലോകത്തിന്റെയും പാപത്തിന്റെയും ചതിയിൽ പെടാതെ നാം നമ്മെത്തന്നെ ദൈവത്തിനു കീഴ്പ്പെടുത്തണം. ക്രിസ്ത്യാനികളായി തീരാത്തവർ ദയവായി നിങ്ങളുടെ ആത്മാവിന്റെ മോചനത്തെ കരുതി മദ്യം ഉപേക്ഷിച്ച്, മാനസാന്തരപ്പെട്ട് പാപ മോചനത്തിനായി സ്നാനം ഏല്ക്കുക. കർത്താവ് നിങ്ങളോടു ക്ഷമിക്കും. നിങ്ങളെ രക്ഷിച്ച് അവൻ തന്റെ സഭയോടു ചേർക്കും. അങ്ങനെ ദൈവേഷ്ട പ്രകാരം എന്നേക്കും ദൈവവുമായി ജീവിക്കുക.

★

## നഷ്ടപ്പെട്ട സഭാംഗങ്ങൾ
### W.A ഹോളെ

ക്രിസ്തുവിന്റെ സഭകളിലെ ഭൂരിഭാഗം മൂപ്പന്മാർക്കും ഉപദേഷ്ടാക്കന്മാർക്കും അറിയാം ഇടവകയിലെയും നഷ്ട്ടപ്പെട്ട അംഗങ്ങൾ ആരെല്ലാമെന്ന്. ബുദ്ധിമുട്ടു കൂടാതെ തന്നെ അവരുടെ

പേരുകൾ എടുത്തു പറയാൻ കഴിയും. പല കാരണങ്ങൾകൊണ്ടാകാം ഇവർ നഷ്ടപ്പെട്ടു പോയത്.

കാണാതെ പോയ ആടിനെക്കുറിച്ചു യജമാനൻ പ്രസ്താവിച്ചതു ഈ അവസരത്തിൽ ചിന്തിക്കുന്നതു നന്നായിരിക്കും (മത്തായി 10:6; 15:24). ഫലം കായ്ക്കാത്ത കൊമ്പുകൾ വെട്ടിക്കളയും; അതൊക്കെയും തീയിലിട്ടു ചുട്ടുകളയും (യോഹന്നാൻ 15:1-6). ഒരു ക്രിസ്ത്യാനിയുടെ, സ്ത്രീയായാലും പുരുഷൻ ആയാലും ശരി ശരീരം കീഴ്പ്പെടുത്തിയില്ലെങ്കിൽ തള്ളപ്പെടും (1 കൊരിന്ത്യർ 9:27).

ക്രിസ്തുവിന്റെ സഭകൾക്കുപോലും ദൈവേഷ്ടത്തിൽ നിന്നു അകന്നു പോകുന്ന സാഹചര്യം നേരിടാം. വെളിപ്പാട് പുസ്തകം രണ്ടും മൂന്നും അദ്ധ്യായങ്ങൾ വായിച്ചാൽ അതു വ്യക്തമാകും. ലവൊദിക്യയിലെ സഭയെക്കുറിച്ചു പരാമർശിക്കുമ്പോൾ അഞ്ചു വിശേഷണങ്ങൾ ചൂണ്ടി കാണിക്കുന്നുണ്ട്. നിർഭാഗ്യൻ, അരിഷ്ടൻ, ദരിദ്രൻ, കുരുടൻ, നഗ്നൻ എന്നിവയാണ് അവ. ഇത് ആ സഭയുടെ ആത്മിയ സ്വഭാവത്തെ സൂചിപ്പിക്കുന്നു.

പരിരക്ഷിക്കുന്ന ഒരു ഘടകമായിട്ടാണല്ലോ ഉപ്പ് നാം ഉപയോഗിക്കുന്നത്. നൂറ്റാണ്ടുകളോളം പഴക്കമുള്ളതാണ് മനുഷ്യന്റെ ഉപ്പുപയോഗം. ക്രിസ്ത്യാനികൾ അഥവാ ക്രിസ്തുവിന്റെ സഭയിലുള്ള ആളുകൾ ഭൂമിയുടെ ഉപ്പാകുന്നു. ക്രിസ്തുവിന്റെ സഭയിലുള്ള ആളുകൾ ഭൂമിയുടെ ഉപ്പായി പ്രതിനിധീകരിക്കുന്നവരാണ്. യേശു, തന്റെ ഗിരിപ്രഭാഷണത്തിൽ പറഞ്ഞിരിക്കുന്നതു: നിങ്ങൾ ഭൂമിയുടെ ഉപ്പാകുന്നു; ഉപ്പു കാരമില്ലാതെ പോയാൽ അതിനെ എന്തൊന്നു കൊണ്ടു രസം വരുത്താം? പുറത്തു കളഞ്ഞിട്ടു മനുഷ്യൻ ചവിട്ടുവാൻ അല്ലാതെ മറ്റൊന്നിനും പിന്നെ കൊള്ളുന്നതല്ല (മത്തായി 5:13). ലോകത്തെ മാലിന്യങ്ങളിൽ നിന്നും അഴിമതികളിൽ നിന്നും സൂക്ഷിക്കേണ്ട കടമ ക്രിസ്ത്യാനികളിൽ ആണുള്ളത്. നിങ്ങളെ ഉപ്പാക്കി മാറ്റുന്നതെന്തോ അതു നഷ്ടമാക്കി കളയരുത്. അവ നഷ്ടമാക്കിയാൽ പിന്നെ അതിനെ രസം വരുത്തുവാൻ സാദ്ധ്യമല്ല.

ഒരാൾക്കു അധരം കൊണ്ടു ദൈവത്തെ ബഹുമാനിക്കുവാനും ഹൃദയത്തിൽ കാപട്യം സൂക്ഷിക്കുവാനും

കഴിയും എന്നു നിങ്ങൾക്ക് അറിയാമോ? (യെശയ്യാവ് 29:13; യെഹസ്കേൽ 33:31; മത്തായി 15:7–9). വചനത്തിൽ പറയുന്ന ദൈവത്താൽ വെറുക്കപ്പെട്ടവൻ പരിശോധന അതിജീവിക്കാൻ കഴിയാത്തവനാണ് (റോമർ 1:28; 2 കൊരിന്ത്യർ 13:5–7). പൗലൊസിന്റെ ജീവിത കാലത്തു ചില സഭാംഗങ്ങൾ ക്രൂശിന്റെ ശത്രുക്കളായി സഭയുടെ ഘടന മാറ്റുവാൻ പ്രവർത്തിക്കുന്നവർ ക്രൂശിന്റെ ശത്രുക്കളാണ്.

മുകളിൽ പറഞ്ഞ കാര്യങ്ങളെ സംബന്ധിച്ച ചില ചോദ്യങ്ങൾ ആവിഷ്ക്കരിക്കാൻ ആഗ്രഹിക്കുന്നു.

1. ആരാധനയിൽ സംബന്ധിക്കാതിരിക്കുന്നതിനു നിങ്ങൾ ഒഴിവുകഴിവുകൾ പറയാറില്ലേ? നിങ്ങളുടെ പ്രബോധനം എന്തെന്നാൽ ദയവായി നിങ്ങൾ ലൂക്കൊസ് 14:16–24 വായിക്കുക. ഒഴിവുകഴിവുകൾ വാസ്തവത്തിൽ കാരണങ്ങൾ അല്ല എന്നോർമ്മിക്കുക. സാമൂഹ്യ കാര്യങ്ങളോ അതിഥി സൽക്കാരമോ, ലൗകിക സമ്പാദ്യമോ നമ്മുടെ ആത്മീയ കർത്താവിനു തടസമായി തീരാതെ നോക്കണം (മത്തായി 6:33). ദൈവരാജ്യമായിരിക്കണം നമ്മുടെ പ്രഥമ ലക്ഷ്യം. മറ്റുള്ളവയെല്ലാം തന്നെ വലിയ ന്യായവിധി നാളിൽ നിഷ്പ്രഭമാകും.

2. വെറുതെ ആരാധന മുടക്കുന്നവരുടെ കൂട്ടത്തിൽ നിങ്ങൾ ഉൾപ്പെടുമോ? (എബ്രായർ 10:23–24). മനുഷ്യനെ സംബന്ധിച്ച് അവൻ ശരിയായ കാര്യങ്ങൾ അറിഞ്ഞു പ്രവർത്തിക്കുവാനാണ് ദൈവം ആഗ്രഹിക്കുന്നത്. പാപം ചെയ്യുവാൻ ഏറ്റവും കൂടുതൽ അവസരം ലഭിക്കുന്നതുപോലെ സത്യം അറിയുവാൻ ദൈവം ഏറ്റവും വലിയ അവസരവും ഒരുക്കിയിരിക്കുന്നു (ലൂക്കൊസ് 12:47–48). ദൈവത്തെ അവഗണിക്കുന്നവരിൽ നാം ഉൾപ്പെടരുത്. ദൈവത്തോടു മത്സരിക്കയോ മറുതലിക്കയോ ചെയ്യരുത്.

✶

### ഒൻപതു പനിമരണം കൂടി

ആശുപത്രികളിലേക്കു പനിബാധിതരുടെ പ്രവാഹം തുടരുന്നതിനെ ഇന്നലെയും ഒൻപതുപേർ മരിച്ചു. കോട്ടയം ജില്ലയിൽ അഞ്ചു പേരും കൊല്ലത്തും പത്തനംതിട്ടയിലും ഒരാൾ വീതവും പാലക്കാട്ടു രണ്ടുപേരുമാണു മരിച്ചത്. കോട്ടയത്തും ഇടുക്കിയിലും എറണാകുളത്തും രോഗികളുടെ എണ്ണത്തിൽ ഇന്നലെ വർധനയുമുണ്ടായി. രോഗികളിൽ ചിക്കുൻഗുനിയയ്ക്കു പുറമേ മഞ്ഞപ്പിത്തം, ഡെങ്കിപ്പനി, ചിക്കൻപോക്സ്, ന്യുമോണിയ തുടങ്ങിയവ ബാധിച്ചവരുമുണ്ട്.

### സ്വാശ്രയം: മന്ത്രിമാരുടെ പാക്കേജ് മാനേജ്മെന്റ് അസോ.തള്ളി

സ്വാശ്രയ എൻജിനീയറിങ് കോളേജുകളിലെ പ്രവേശനത്തിനായി വിദ്യാഭ്യാസമന്ത്രി നിർദ്ദേശിച്ചിരുന്ന പാക്കേജ് മാനേജ്മെന്റ് അസോസിയേഷൻ തള്ളി. 50 സീറ്റിൽ സർക്കാർ ലിസ്റ്റിൽ നിന്നും ബാക്കി മാനേജ്മെന്റ് ലിസ്റ്റിൽ നിന്നും പ്രവേശനം നടത്താൻ അസോസിയേഷൻ പൊതുയോഗം തീരുമാനിച്ചു.

അതേസമയം ഒരു സീറ്റിൽ പോലും സർക്കാർ ലിസ്റ്റിൽ നിന്നു പ്രവേശനം നൽകേണ്ടതില്ലെന്ന് ഇന്റർ ചർച്ച് കൗൺസിൽ ഫോർ എജ്യൂക്കേഷൻ തീരുമാനിച്ചു. പി.എ.മുഹമ്മദ് കമ്മിറ്റിക്കു മുൻപാകെ സമർപ്പിച്ച ഫീസ് ആയിരിക്കും ക്രിസ്ത്യൻ മാനേജ്മെന്റുകൾക്കു കീഴിലുള്ള കോളജുകൾ വാങ്ങുക.

### സന്തോഷിന് അശ്രുപൂജ

ട്രെയിൻ യാത്രയ്ക്കിടെ ടിടിഇമാരുമായുണ്ടായ പിടിവലിയിൽ തെറിച്ചു കായലിൽ വീണു മരിച്ച ഓലത്താണി

ഇരുവൈക്കോണം സോമവിലാസത്തിൽ സന്തോഷിനു (19) ജന്മനാടിന്റെ കണ്ണുനീരിൽ കുതിർന്ന യാത്രാമൊഴി.

വിലാപയാത്രയായി കൊണ്ടുവന്ന മൃദദേഹം വൈകിട്ടു മൂന്നിനു ശേഷം വൻ ജനാവലിയുടെ സാന്നിധ്യത്തിൽ വീട്ടുവളപ്പിൽ സംസ്ക്കരിച്ചു.

✶

## ഉയരങ്ങൾ കീഴടക്കാൻ ഇംഗ്ലീഷ് കാൽക്കീഴിലാവണം

മുസ്ലീം വിമൻസ് അസോസിയേഷന്റെ കീഴിലുള്ള ഇംഗ്ലീഷ് ലാംഗ്വേജ് സ്റ്റഡി പ്രോഗ്രാം പൂർത്തിയാക്കിയ ആദ്യ ബാച്ചിനു സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.

ലോകത്തിന്റെ താക്കോൽ ആയ ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം നേടാതെ ഉയരങ്ങൾ കീഴടക്കാനാകില്ലെന്നു ചടങ്ങിൽ പ്രസംഗിച്ച തമിഴ്നാട് മുൻ ഗവർണർ ജസ്റ്റിസ് ഫാത്തിമ ബീവി പറഞ്ഞു.

✶

## കേരളത്തിൽ പത്രങ്ങൾ പുതിയ തന്ത്രങ്ങൾ മെനയേണ്ടിവരും

അമേരിക്കയുൾപ്പടെ ലോകമെങ്ങും വർത്തമാന പത്രങ്ങളുടെ പ്രചാരവും പ്രസക്തിയും കുറഞ്ഞുവരുമ്പോൾ കേരളത്തിൽ ടിവിയോടും വെബ് ജേണലിസത്തോടും മത്സരിച്ച് പത്രങ്ങൾ പ്രചാരം കൂട്ടുന്നതിൽ പ്രശസ്ത പത്രപ്രവർത്തകനും യുഎസ് കൊളംബിയ സർവകലാശാലയിലെ ഡീനുമായ പ്രഫ. ശ്രീനാഥ് ശ്രീനിവാസന് അദ്ഭുതം.

✶

## എല്ലാവിധ ട്രോളിങ്ങും നിരോധിക്കണം

സുപ്രീം കോടതി വിധിയുടെ പശ്ചാത്തലത്തിൽ എല്ലാവിധ ട്രോളിങ് മൽസ്യബന്ധന രീതികളും നിരോധിച്ച് സംസ്ഥാന സർക്കാർ ഉത്തരവിറക്കണമെന്ന് കേരള സ്വതന്ത്ര മൽസ്യത്തൊഴിലാളി

ഫെഡറേഷൻ സംസ്ഥാന സെക്രട്ടേറിയറ്റ് ആവശ്യപ്പെട്ടു.

സംസ്ഥാന പ്രസിഡന്റ് ടി.പീറ്റർ അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി എ.ആൻഡ്രൂസ്, പി.ടി. മുഹമ്മദ്കോയ, പി.എസ്.കിഷോർ, കെ.പി.സഫിയ, എസ്.ജോസഫ്, ആന്റോ ഏലിയാസ്, ജെ.ജെറോം, എൻ.ജെ.ആന്റണി എന്നിവർ പ്രസംഗിച്ചു.

★

## വില്ലൻ കൊതുകുകളെ നേരിടാൻ

കേരളം ചിക്കൻഗുനിയയുടേയും ഡെങ്കിപ്പനിയുടേയും പിടിയിലമർന്നിരിക്കുന്നു. ഈ രോഗങ്ങൾ പടർന്നുപിടിക്കുന്നതിന്റെയും രോഗബാധമൂലം മരണം സംഭവിക്കുന്നതിന്റെയും ഉയരുന്ന ഭീകരമായ കണക്കുകളാണു ദിവസവും നാം കേൾക്കുന്നത്.

രോഗപ്പകർച്ചയിലെ പ്രധാന വില്ലൻ കൊതുകുകളാണ്. അതിനാൽ, നിവാരണമാർഗങ്ങൾ അവയെ കേന്ദ്രീകരിച്ചാകണം. കൊതുകുകൾക്കെതിരായ പോരാട്ടത്തിൽ അവയുടെ നശീകരണത്തിൽ ശ്രദ്ധവയ്ക്കുന്നതോടൊപ്പം കൊതുകുകളിൽ നിന്നു രക്ഷനേടാനുള്ള മാർഗങ്ങളും കണ്ടെത്തണം. ഇതിനു സമ്പൂർണ്ണമായ ഒരു പദ്ധതി ആവശ്യമാണ്. ഇക്കാര്യത്തിൽ കൊതുകുകളെക്കുറിച്ചുള്ള ചില വിവരങ്ങൾ ഉപയോഗപ്രദമാകും.

★

## എട്ടു പോത്തുകൾ ചത്തുവീണു; ആന്ത്രാക്സ് എന്നു സംശയം

നെറ്റിത്തൊഴുവിനടുത്ത് എട്ടു വളർത്തുപോത്തുകൾ ചത്തു. ആന്ത്രാക്സ് ബാധമൂലമെന്നു സംശയം. മണിയൻ പെട്ടി കറുപ്പുവിലാസം കറുപ്പുസ്വാമിയുടെ 27 പോത്തുകളിൽ എട്ടെണ്ണമാണ് ഇന്നലെയും ഞായറാഴ്ച രാത്രിയുമായി ചത്തു വീണത്.

★

## സാംസ്കാരിക നായകർ

അനിവാര്യമായ കൊലയാണു നടത്തുന്നതെന്നു നോവലിസ്റ്റ് പി.വത്സല അഭിപ്രായപ്പെട്ടു. കുടിയൊഴിപ്പിക്കൽ നടത്തുന്ന ദൗത്യ സംഘത്തിനു പിന്തുണ പ്രഖ്യാപിച്ചു സാംസ്കാരിക പ്രവർത്തകരുടെയും പരിസ്ഥിതി പ്രവർത്തകരുടെയും കൂട്ടായ്മ ഉദ്ഘാടനം ചെയ്യുകയായിരുന്നു അവർ. നിർവികാരതയാണ് ഇപ്പോൾ ജനങ്ങളെ നയിക്കുന്നത്. മാഫിയകൾക്കെതിരെ പ്രതികരിക്കാൻ സാധിക്കാത്തതിൽ ലജ്ജ തോന്നിയ സാഹചര്യത്തിലാണ് ദൗത്യസംഘം മൂന്നാർ ഓപ്പറേഷൻ ആരംഭിക്കുന്നത്.

✶

## വകുപ്പു മാറുമ്പോൾ ജൂനിയറാകും

ഞാൻ റവന്യൂ വകുപ്പിൽ യുഡി ക്ലാർക്കാണ്. മറ്റേതെങ്കിലും വകുപ്പിലേക്കു മാറാൻ സാധിക്കുമോ? പുതിയ വകുപ്പിൽ എൽഡിസി ആയിരിക്കുമോ? ശമ്പളം സംരക്ഷിച്ചു കിട്ടുമോ? ഇതേ ശമ്പള സ്കെയിലിലിലുള്ള ക്ലെറിക്കൽ ഇതരസ്തികകളിലേക്കു മാറ്റം കിട്ടുമോ? വകുപ്പുമാറുമ്പോൾ ജൂനിയറാകും

✶

## ഓസ്റ്റിയോപൊറോസിസിനെതിരെ മുൻകരുതലുകൾ

ഓസ്റ്റിയോപൊറോസസ് ഇന്ന് സാധാരണമായ രോഗമാണ്. കാൽസ്യത്തിന്റെ കുറവാണ് ഓസ്റ്റിയോപൊറോസിസ് ഉണ്ടാവാനുള്ള കരണങ്ങളിൽ പ്രമുഖം.

30 വയസിനുള്ളിൽ ശരീരത്തിനു ലഭിക്കുന്ന കാൽസ്യത്തിന്റെ കുറവാണ് ഭാവിയിൽ ഓസ്റ്റയോപൊറോസിസിനു കാരണമാകുന്നത്. ആദ്യത്തെ മുപ്പതു വർഷങ്ങളിലാണ് കാൽസ്യം കൂടുതലായി എല്ലുകളിൽ അടിയുന്നത്.

## HEAR THE VOICE OF TRUTH ON RADIO
# SRILANKA

| | |
|---|---|
| **Hindi** | Sundays 6.45 A.M.-7.00 A.M. and Thursdays, 6.45A.M- 7.00 A.M. A.M. Speaker Sunny David, Church of Christ, B-350, Chitharanjan Park, New Delhi-110019 |
| **Malayalam** | Friday 3.45-4.00 P.M. Speaker: P.K. Varghese, **Church of christ** Thmpuranmukku, Trivandrum-35 |
| **Tamil** | Mondays, Tuesdays, Thursdays, Fridays 5.30 P.M. to 5.45 P.M. Speaker: P.R. Swamy, Box 8405 Bangalore-560084 |
| **Telugu** | Sundays, Mondays, Wednesdays, Thursdays, 2.00 P.M-2.15 P.M. Speaker, Joshua Gootam, Box-80, Kakinada- 533001 |

---

Please write to these addresses for Bible correspondence course, Magazine, and other Christian literature in your language. All of these programmes are sponsored by

**CHURCHES OF CHRIST**

Edited, Printed and Published at Church of Christ
Thampuranmukku, Trivandrum- 695 035, Kerala, India

**Posted at R.M.S Tvm on 23/24 July**

Reg. No. K.Dis. 90095/86/A8. Reg. No. KL (N) 22/06-08

Licensed to post without prepayment No. Tech/62-2 TV(N) 40/2007

*Join us to worship God in Spirit and Truth*

*The*

# CHURCH OF CHRIST

Meets at T.C. 27/225

Thampuranmukku, Trivandrum-35

**Sunday- Worship- 10.00 am**

**Tuesday- Bible Study- 6.00 pm**

ALL ARE WELCOME

All correspondence should be sent to the Editor, The Bible Truth Church of Christ, Thampuranmukku, Trivandrum-35, Kerala, India

To

From
THE BIBLE TRUTH
Church of Christ
Thampuranmukku,
Trivandrum-35
Kerala, India.
Phone: 2303378